കഥാചന്ദ്രിക.

എറണാകുളം സെൻറു മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്.

പുസ്തകം ൨.	ഫൻവരി.	ലക്കം ൩.

മംഗളം.

ചേലോടീട്ടുഴപ്പും കളവതിനുതകും നല്ല സാരോപദേശാൽ
കാലോചിച്ചീ ജനത്തെ ക്കുതുകമൊടിഹ കൂക്കും « കഥാചന്ദ്രികേ! » നീ!
മാലറ്റീ മന്നിടത്തിൽ ശുഭമൊടു വിലസാനേകുണം, തേ! വരം നൽ
കാലിക്കുട്ടിൽ പിറന്നോരജനുടെ സുതനാമേശുനാഥൻ കടാക്ഷാൽ.

ശ്രീമാൻ ജോസ് എം. എ., ഉടിയമ്പേരൂർ.

പിശാചിന്റെ പ്രതിനിധി അറിവാൻ.

ഫെരി. ഫ്ര. ആൻബ്രോർട്ട്, ഇ. സ്മിത്ത്, വി. എഫ്.

മെക്സിക്കോയിലെ പ്രസിദ്ധനായ കാല്ലെസ് അവിടത്തെ കത്തോലിക്കരോടു ചെയ്യുവാനുള്ള ഭയങ്കരമായ അന്യായ കൃത്യങ്ങളെക്കുറിച്ചു വായനക്കാർ കേട്ടിട്ടുണ്ടല്ലൊ. ആ മതപീഡയെ പ്രതിഷേധിച്ചു അമേരിക്കയിലെ വന്ദ്യ ദിവ്യശ്രീ ആ: ബ്രോർട്ട്സ്മിത്തു് വൈദികൻ പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു

പ്രത്യക്ഷ പത്രത്തിന്റെ തജ്ജമയാണ് താഴെ ചേർക്കുന്നത്:—

മെക്സിക്കോയിൽ പിശാചിന്റെ പ്രതിനിധിയായ ഏലിയാസ് കാല്ലെസ് അറിവാൻ. ഏലിയാസ് കാല്ലേസെ, താൻ ജയിക്കയില്ല! താൻ ജയിക്കയില്ല!

യൂദാസ് തന്റെ ഗുരുവിനെ ഒറിക്കൊടുത്തു. എന്നാൽ യൂദാസ് കെട്ടിത്തൂങ്ങി മരിക്കയും ചെയ്തു.

പന്തിയോസ് പീലാത്തോസ് നമ്മുടെ കർത്താവിനെ മരണശിക്ഷയ്ക്കു വിധിച്ചു. എന്നാൽ അയാൾ സ്വന്തകൈയാൽ മരിക്കയും അയാളുടെ നാമം ലോകദുഷ്ടാ നിന്ദ്യമായിത്തീരുകയും ചെയ്തു.

നീറൊ (എന്ന റോമാചക്രവർത്തി) ക്രിസ്ത്യാനികളെ പീഡിപ്പിക്കയും; റോമാപ്പട്ടണത്തെ തീയിട്ട ദഹിപ്പിച്ചിട്ട് ആ കുറ്റം അവരിൽ വ്യാജമായി ആരോപിക്കയും ചെയ്തല്ലൊ. വഞ്ചകനായ ആ നീറോയെ അനുഗമിക്കുന്ന ഏലിയാസ് കാല്ലസേ, താനും ആ നീറോയെപ്പോലെതന്നെ വ്യാജപ്രസ്താവന ചെയ്യുന്നു; താൻ ചെയ്യുന്ന തെറ്റുകളും, തന്റെ ഭരണദുഷ്പ്രഭുക്കളും, തന്റെയും തന്റെ ദുഷ്ടക്കൂട്ടുകാരുടെയും അന്യായ കൃത്യങ്ങളും നിരപരാധികളായ കന്യാസ്ത്രികളുടെയും ദൈവശുശ്രൂഷകന്മാരായ പട്ടക്കാരുടെയും, തന്റെ ജന്മദേശം മുഴുവനും അനുസരിച്ചു പോരുന്നതും ദൈവത്തോടുള്ള വേഷത്താലും രാജ്യാധികാരദുർമ്മത്താലും ധനസമ്പാദന മോഹത്താലും താനിടപ്പാടും ദ്രോഹിക്കുന്നതുമായ മതത്തിന്റെയും പേരിൽ ആരോപിക്കയും ചെയ്യുന്നു.

ആ നീറോയും ആത്മഹത്യചെയ്തവനും, അയാളുടെ മരണം ഭയങ്കരമായിരുന്നെന്നും ഓർത്തുകൊൾക. കാല്ലസേ! താൻ അതു ഓർത്തുകൊൾക.

മാർക്കസ് ഔറേലിയസും (റോമാ ചക്രവർത്തി) കത്തോലിക്കസഭയെ പീഡിപ്പിച്ചു നാമാവശേഷമാക്കാൻ ശ്രമിച്ചു. സമാധാന രാജാവായ നമ്മുടെ ശോമ്ശീഹായുടെ അനുഗാമികളെ കൊന്നൊടുക്കാനും അതുവഴി ആ ദിവ്യൻ സ്ഥാപിച്ച മതം നശിപ്പിക്കാനും ഉദ്യമിച്ചു. എന്നാൽ കത്തോലിക്കസഭ വിജയം പ്രാപിക്കയും മാർക്കസ് ഔറേലിയസ് നശിക്കയും ചെയ്തു. അയാളുടെ അവസാനകാലം മഹാ കഷ്ടതരമായിരുന്നു. അയാൾക്കു ഭയങ്കരമായ ഒരു രോഗം പിടിപെടുകയും പ്രാണസ്നേഹിതന്മാർപോലും അതിന്റെ ദുർഗ്ഗന്ധം സഹിക്കുവാറിയാതെ അയാളെ വിട്ടുപോകയും ഒടുവിൽ

ഹൃദയങ്ങളുടെയുടെ സഹായം നിത്യരക്ഷയ്ക്കു അത്യാവശ്യമാണ്.

അയാൾ ഒരു കൊലപാതകന്റെ കയ്യാൽ മരണം പ്രാപിക്കയും ചെയ്തുവെന്നു ഓർത്തുകൊൾക. കാല്ലസേ! താൻ അതു് ഓർത്തുകൊൾക.

ട്രാജൻ ചക്രവർത്തിയും ക്രിസ്ത്യാനികളെ പീഡിപ്പിച്ചു; ദൈവനിന്ദകനും നിഷ്ഠുരനുമായ താൻ അവലംബിച്ചിരിക്കുന്ന മൂഢനയംതന്നെ അയാളും അനുവർത്തിച്ചു. എന്നാൽ ട്രാജന്റെ പ്രജകൾ അയാളോടു എതിർക്കയും ആ വിപ്ലവാകണ്ടു ഭയവിഹ്വലനായി അപ്രതീക്ഷിതവും അത്യന്തം കഷ്ടതരവുമായ ഒരു മരണം പ്രാപിക്കയും ചെയ്തുവെന്നു ഓർത്തുകൊൾക. കാല്ലസെ, താൻ അതു് ഓർത്തുകൊൾക.

ഡൊമീഷ്യൻ ചക്രവർത്തിയും ക്രിസ്തുമതത്തെ നശിപ്പിക്കാൻ ഉദ്യമിച്ചു. എന്നാൽ അയാളും കൊലപാതകന്റെ കയ്യാൽ മരണം പ്രാപിച്ചു. കാല്ലസെ, അപ്രകാരമുള്ള ഒരു ദൈവശിക്ഷയുടെ പാത്രമാകാതിരിക്കട്ടെ.

സെവേരസ് ചക്രവർത്തിയും ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. എന്നാൽ പീഡ നിഷ്ഫലമായിപ്പോയി. അതുപോലെതന്നെ കാല്ലസെ! താൻ ചെയ്യുന്ന പീഡയും നിഷ്ഫലമായേ തീരു. സെവേരസ് ആശാഭംഗനും സ്ഥാനഭ്രഷ്ടനുമായി ആത്മഹത്യ ചെയ്തുവെന്നു ഓർത്തുകൊൾക. കാല്ലസെ, താൻ അതു് ഓർത്തുകൊൾക.

ദേശിയസ്, വലേറിയൻ, ഡയോക്ലീഷിയൻ, ഈ ചക്രവർത്തിമാരെല്ലാം അക്കാലത്തെ കാല്ലസ്മാരായിരുന്നു; റോമാ സാമ്രാജ്യത്തിലെ കാല്ലസ്മാരായിരുന്നു. അവർ ക്രിസ്തുമതത്തെ ഇല്ലായ്മചെയ്യുമെന്നു പ്രസ്താവിച്ചു. കാല്ലസെ, ഇന്നു താനും അതേ പ്രസ്താവം ചെയ്യുന്നു. എന്നാൽ തന്നെക്കൊണ്ടു് അതു സാധിക്കയില്ല! ഇല്ല സാധിക്കയില്ല.

ദേശിയസിനെ കാട്ടാള ജാതിക്കാർ വധിച്ചു. വലേറിയനെ ജീവനോടെ തോലുരിഞ്ഞു കൊന്നു. ഡയോക്ലീഷ്യനാകട്ടെ, സിംഹാസനഭ്രഷ്ടനായി പട്ടിണികിടന്നു മരിച്ചു.

അജയ്യനായ യോദ്ധാവു എന്നു ഗണിക്കപ്പെട്ടപോന്ന നെപ്പോളിയൻ ദൈവത്തിന്റെ സഭയെ ആക്രമിച്ചു, ദൈവകല്പനകളെ എതിർത്തു, ദൈവപ്രമാണങ്ങളെ ധിക്കരിച്ചു, ഭൂമിയിൽ ദൈവത്തിന്റെ പ്രതിപുരുഷനായ പാപ്പായെ തടവിലിട്ടു. ആ നെപ്പോളിയനൊ എന്നാൽ നാടുകടത്തപ്പെടുകയും അങ്ങിനെ വിദേശത്തിൽ കിടന്നു മരിക്കയും ചെയ്തുവെന്നു ഓർത്തുകൊൾക. കാല്ലസെ, താൻ അതു ഓർത്തുകൊൾക.

ആ സഹായത്തെയാണു ദൈവേഷ്ടപ്രസാദം എന്നു പറയുന്നതു്.

ബിസ്മാക്ക് എന്ന ജർമ്മൻ മന്ത്രി തനിക്ക കത്തോലിക്ക സഭാധ്യക്ഷനെക്കാൾ ശക്തിക്കുട്ടമെന്നും, ആ സഭയെ പൂർണ്ണമായി കീഴ്പ്പെടുത്താമെന്നും വിചാരിച്ചിരുന്നു. എന്നാൽ ബിസ്മാക്ക് കനോസായിൽ അഭയാർത്ഥിയായി ചെന്ന ആ സഭാധ്യക്ഷനെ നമസ്കരിച്ചു. നിത്യനും സജീവനുമായ ദൈവത്തിന്റെ സഭയെ ജയിക്കാൻ തനിക്ക സാധിക്കയില്ലെന്ന ധീമനസ്സനും ക്രൂരഹൃദയനുമായ ആ മനുഷ്യൻ സമ്മതിക്കയും അപമാനത്തോടും മഹാ ദുഃഖത്തോടുംകൂടി മരിക്കയും ചെയ്തു. എന്നാൽ, കാല്ലസെ, ബിസ്മാക്കിന്റെ ബുദ്ധിയെ അയാളുടെ ശക്തിയെ തനിക്കില്ലതന്നെ.

അല്ലയൊ, കാല്ലസ്, താൻ ഇപ്പോൾ നടത്തുന്ന മതപീഡയുടെ ചരിത്രത്തിന്റെ അവസാനാദ്ധ്യായം എഴുതിത്തീർക്കയും നിഷ്ഫലഹൃദയവും സ്വദേശസ്നേഹവുമുള്ള മെക്സിക്കോയിലെ സകല പൌരന്മാരും നിന്റെ നാമത്തെ നിന്ദിച്ചു ശപിക്കയും മെക്സിക്കോയിലെ മണ്ണോടുചേരാൻ യോഗ്യതയില്ലാത്ത നിന്റെ ശരീരം ആ മണ്ണോടുചേർന്ന കിടക്കുകയും ചെയ്യുമ്പോൾ മെക്സിക്കൊ ദേവാലയങ്ങളിൽ മണി അടിക്കയും കുമ്പാനം കൊള്ളുകയും, വിശുദ്ധ കുമ്പാനം കൈക്കൊള്ളുകയും ചെയ്യുമെന്നും, മെക്സിക്കോയിലെ വിദ്യാലയങ്ങളിൽ നിനക്കു പരിചയമില്ലാത്ത ദൈവസ്നേഹം, സ്വദേശസ്നേഹം എന്ന രണ്ടുപുണ്യങ്ങൾ വിദ്യാർത്ഥികളെ പഠിപ്പിക്കുമെന്നും നീ അറിഞ്ഞുകൊൾക. കാല്ലസെ, ദൈവം നിന്നെ സഹായിക്കട്ടെ; ദൈവം നിന്നെ അനുഗ്രഹിക്കട്ടെ! അവിടുന്നു അങ്ങിനെ ചെയ്യാത്തപക്ഷം, അഹൊ! നിന്റെ ഭാവി ഭയങ്കരമായിരിക്കും.

കാല്ലസെ! നീ ജയിക്കയില്ല, ഇല്ല, ജയിക്കയില്ല.



വഴിയാത്രചെയ്തിരുന്ന ഒരു ഇംഗ്ലീഷുകാരൻ മഴവന്നപ്പോൾ ഒരു ഐറിഷ്കാരന്റെ വീട്ടിൽ കയറി. ആ വീടിന്റെ മേൽപ്പുര മുഴുവൻ ചോരുന്നുണ്ടായിരുന്നു. ഇംഗ്ലീഷുകാരൻ ചോദിച്ചു: "നിങ്ങൾ എന്തുകൊണ്ടു ഈ ചോർച്ച നീക്കുന്നില്ല."

ഐറിഷ്കാരൻ—"മഴ പെയ്യുമ്പോൾ എങ്ങിനെ ചോർച്ച നീക്കും."

ഇംഗ്ലീ:—"മഴ പെയ്യാത്തപ്പോൾ ആകുമല്ലോ?"

ഐ:—"അപ്പോൾ ചോർച്ചയില്ലല്ലൊ."

ഒരുപോലുള്ളപ്രയോഗം രണ്ടുതരമുണ്ട്: താല്ക്കാലികവും, സ്ഥിരവും.

പ്രസാധകക്കുറിപ്പുകൾ.

വലിയവനാര?

ഒരിക്കൽ മൂന്നു പുതുസന്ന്യാസികൾതമ്മിൽ ഒരു വാദമുണ്ടായി. അവർ മൂവരുടെയും പേരുള്ള പുണ്യവാന്മാരിൽവെച്ചു ആരാണു വലിയവൻ എന്നതായിരുന്നു വാദവിഷയം. ലോനപ്പൻ പറഞ്ഞു "യോഹന്നാൻ തന്നെയാണു് എല്ലാവരിലും വലിയവനെന്നു നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിട്ടുണ്ടു്. ആ പുണ്യവാൻ കർത്താവിന്റെ മുന്നോടിയായിരുന്നു. അദ്ദേഹമാണു് കർത്താവിനെ മാമ്മോദീസാ മുക്കിയതു്. കർത്താവിനുവേണ്ടി അദ്ദേഹം മരിക്കയും ചെയ്തു. അതിനാൽ യോഹന്നാൻതന്നെ മറ്റു എല്ലാ പുണ്യവാന്മാരെക്കാൾ വലിയവനാണെന്നു തീർച്ചതന്നെ".

ലോനപ്പന്റെ ഈ ന്യായങ്ങൾ പത്രോസുകുട്ടിക്കു് അത്ര ബോദ്ധ്യമായില്ല. അവന്റെ വാദം പത്രോസ് ശ്ലീഹായോളം വലിയ പുണ്യവാൻ ഇല്ല എന്നായിരുന്നു. അതിലേയ്ക്കു അവൻപറഞ്ഞ ന്യായം കേട്ടാലും: "ശ്ലീഹന്മാരോളം വലിയവർ ആരുണ്ടു്? അവർക്കു പ്രത്യേക വെളിപാടുകളും തെറ്റാവരവും ദൈവം കൊടുത്തിരുന്നു. അവരാണു് തിരുസഭയുടെ നായകന്മാർ. എന്നാൽ പത്രോസു് ആ ശ്ലീഹന്മാർ എല്ലാവരുടെയും തലവനാണു്. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ അദ്ദേഹത്തെയാണു കർത്താവു ഏല്പിച്ചിരിക്കുന്നതു്. അദ്ദേഹം വാതിൽ തുറന്നു കൊടുക്കാതെ ഒരുത്തർക്കും സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ സാധിക്കയില്ല. അപ്രകാരംതന്നെ കെട്ടാനും അഴിപ്പാനും ഉള്ള അധികാരവും ആ ശ്ലീഹായ്ക്കുതന്നെയാണു് കർത്താവു കൊടുത്തിരിക്കുന്നതു്. എന്നല്ല സഭമുഴുവനെയും, അതിന്റെ തലവന്മാരായ മറ്റു ശ്ലീഹന്മാരെയും പത്രോസ് ഭരിക്കേണമെന്നാണു കർത്താവിന്റെ നിശ്ചയം. "നീ എന്റെ ആടുകളെയും കുഞ്ഞാടുകളെയും മേയ്ക്കുക" എന്നല്ലെ കർത്താവു പത്രോസിനോടു കല്പിച്ചിട്ടുള്ളതു്. അതിനാൽ പത്രോസു മറ്റെല്ലാ പുണ്യവാന്മാരേക്കാൾ വലിയവനാണെന്നുള്ളതിനു എന്തു സംശയം?"

ഔസേപ്പച്ചൻ ഇവർ രണ്ടുപേരുടെയും വാദവും അതിനുള്ള ന്യായങ്ങളും ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു. എങ്കിലും ആ വാദം ശരിയല്ലെന്നായിരുന്നു അവന്റെ ബോദ്ധ്യം. അവൻ ഇങ്ങിനെ വിചാരിച്ചു:—

തൽക്കാലിക ദൈവേഷ്ടപ്രസാദം നമ്മുടെ പ്രവൃത്തികളെ സഹായിക്കുന്നു.

"യെഹസേപ്പു പിതാവിനെ കഴിഞ്ഞുട്ടല്ലെ വേറെ പുണ്യവാന്മാരുള്ളു. പത്രോസും യോഹന്നാനും വലിയ പുണ്യവാന്മാർതന്നെ. പക്ഷെ അവരെല്ലാം കർത്താവിന്റെ ദാസന്മാർ. യെഹസേപ്പു പിതാവാകട്ടെ, കർത്താവിന്റെ വളർത്തപ്പൻ. ദേവമാതാവു ശരംശോയോടു സംസാരിക്കയിൽ "നിന്റെ പിതാവു" എന്നാണു പി. യെഹസേപ്പിനെക്കുറിച്ചു പറഞ്ഞിട്ടുള്ളു- പിതാവൊ ദാസനൊ വലുതു? എന്നാൽ ഈ ന്യായങ്ങൾ ഒരു കഥാരൂപേണ പറയാം. അതായിരിക്കും കാര്യഗ്രഹണത്തിനു അധികം നല്ലതു". ഇങ്ങിനെ വിചാരിച്ചിട്ടു യെഹസേപ്പച്ചൻ താഴെകാണുംവിധം ഒരു കഥ പറഞ്ഞു.

ഒരു കഥ.

യെഹസേപ്പുപിതാവു സ്വർഗ്ഗത്തിൽ പാർത്തുകൊണ്ടിരിക്കെ ഒരുദിവസം വൈകുന്നേരം കാറുകൊണ്ടു വിശ്രമിക്കാൻ വെളിയിൽപോയിരുന്നു. അന്നു എന്തൊ പ്രത്യേക കാരണവശാൽ അധികം വൈകിയാണു തിരിച്ചു വന്നതു്. സ്വർഗ്ഗത്തിന്റെ വാതുക്കൽ വന്നപ്പോൾ അതു പൂട്ടിയിരിക്കുന്നതായി കണ്ടു. ഉടനെ താക്കോൽക്കാരനായ പത്രോസ്ശ്ലീഹായെ വിളിച്ചു ദയവായി വാതൽ തുറന്നുകൊടുക്കണമെന്നു ആവശ്യപ്പെട്ടു. പത്രോസ് അന്നു അസാധാരണമായ ക്ഷീണംനിമിത്തം നേരത്തെ ഉറക്കംപിടിച്ചിരുന്നു. എങ്കിലും ആവർത്തിച്ചുള്ള വിളികേട്ടു ഉണർന്നു് അതു ആരാണൊന്നും അസമയത്തു വന്നു ബുദ്ധിമുട്ടിക്കുന്നതു എന്തിനാണൊന്നും ചോദിച്ചു. അപ്പോൾ യെഹസേപ്പുപിതാവു വിവരം പറഞ്ഞു. എന്നാൽ പത്രോസ് വാതൽ തുറക്കാൻ തയാറില്ലായിരുന്നു. കാറുകൊള്ളാൻ പോകുന്നവരെല്ലാം നേരത്തെ വന്നേത്തേണമെന്നാണു് ചട്ടമെന്നും, അതു ലംഘിവന്നതിനു ശിക്ഷയായി പുറത്തു വാതുക്കൽതന്നെ രാത്രി കഴിച്ചുകൂട്ടേണ്ടതാണെന്നും മറുപടി ശാസനാരൂപത്തിൽ പറഞ്ഞു. യെഹസേപ്പുപിതാവു പലേ സമാധാനങ്ങളും പറഞ്ഞിട്ടും പത്രോസ് വാതിൽ തുറന്നില്ല. ഇവരുടെ തർക്കവാദങ്ങൾകേട്ടു സുഖമായി ഉറങ്ങിക്കിടന്നിരുന്ന പലരും ഉണർന്നു. അവരിൽ ചിലർവഴി യെഹസേപ്പുപുണ്യവാൻ വിവരമെല്ലാം ബാവാതമ്പുരാനെ ബോധിപ്പിച്ചു. വാതൽ തുറന്നു തന്നെ അകത്തുകടത്താൻ പത്രോസിനുകല്പന കൊടുക്കേണമെന്നു അപേക്ഷിച്ചു. ബാവാതമ്പുരാൻ പത്രോസിനെ വരുത്തി കാര്യങ്ങളെക്കുറിച്ചു ചോദ്യംചെയ്തു. പത്രോസ് പറഞ്ഞതു ശരിയാണെന്നും, കാറുകൊള്ളാൻ പോയിട്ടു വളരെ വൈകി

സ്ഥിരമായ ദൈവേഷ്ടപ്രസാദം നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നു.

വന്നതു തെറ്റായിപ്പോയെന്നും, അതിനു ശിക്ഷയായി യൌസേപ്പു അന്നു രാത്രി മുഴുവനും പുരത്തുതന്നെ കഴിച്ചുകൂട്ടണമെന്നും കല്പിച്ചു. ഇതു യൌസേപ്പുപിതാവിനു വളരെ സങ്കടകരമായി എന്നു പറയേണ്ടല്ലൊ. ഉടനെ ആ വിശുദ്ധൻ, തന്റെ പ്രിയപ്പെട്ട ഭാര്യയെയും വളർത്തുകുമാരനെയും തന്റെ കൂടെ വിട്ടുകൊടുക്കേണമെന്നു, ബാവാതമ്പുരാനോടു ആവശ്യപ്പെട്ടു. അപ്പോൾ കാര്യം വിഷമത്തിലായി. ദേവമാതാവു വി. യൌസേപ്പിന്റെ യഥാർത്ഥ ഭാര്യയാണ്. ഔശോ, വളർത്തുകുമാരനുമാണ്. അവരെ യൌസേപ്പു പുണ്യവാൻ ആവശ്യപ്പെട്ടാൽ വിടുകയാതെ തരമില്ല. അവരെ വിടുകയുമ്പാലൊ? പിന്നെ സ്വർഗ്ഗത്തിലെ സ്ഥിതി എന്തു? ഔശോ സ്വർഗ്ഗത്തിലെ രാജാവും, മറിയം സ്വർഗ്ഗരാജ്ഞിയുമല്ലെ? അതിനാൽ അവരെ വിടുയയ്ക്കാതിരിക്കാൻ എന്താണു മാർഗ്ഗമെന്നു ബാവാതമ്പുരാൻ ആലോചിച്ചു. വി. യൌസേപ്പിനെ അകത്തു കടത്തുകതന്നെ അതിനുള്ള മാർഗ്ഗമെന്നുകണ്ടു. ഉടനെ പത്രോസിനെ വിളിച്ചു സ്വർഗ്ഗത്തിന്റെ വാതൽ തുറന്നുകൊടുക്കാൻ കല്പനയായി. അതുപ്രകാരം പത്രോസ് സ്വർഗ്ഗവാതൽ തുറന്നു കൊടുക്കയും വി. യൌസേപ്പു് ബഹുമാനപൂർവ്വം അകത്തു പ്രവേശിക്കയും ചെയ്തു.

ഗുണപാഠം.

പുതുസന്ന്യാസിയായ ഔസേപ്പച്ചൻ ഇക്കഥ പറഞ്ഞവസാനിപ്പിച്ച ശേഷം തന്റെ കൂട്ടുകാരോടായിട്ടു ചോദിച്ചു: "യൌസേപ്പുപിതാവിനുള്ള നിലയും വിലയും എത്ര വലുതാണെന്നു ഇക്കഥയിൽനിന്നു മനസ്സിലാകുന്നില്ലെ? ഔശോയോടും ദേവമാതാവിനോടുമുള്ള ഏറ്റവും അടുത്ത ബന്ധമാണ് യൌസേപ്പിനെ സ്ഥാനത്തിലും ശക്തിയിലും മറ്റെല്ലാ പുണ്യവാന്മാരേക്കാളധികം ഉയർത്തിയിരിക്കുന്നതു്. മറ്റു സകല പുണ്യവാന്മാരും ഔശോയുടെയും മാതാവിന്റെയും ദാസന്മാരായിരുന്നു. അവരിരുവരുടെയും കല്പനകൾ അനുസരിക്കേണ്ടവരാണ്. വി യൌസേപ്പാകട്ടെ, ഔശോയുടെ (വളർത്തു) പിതാവും ദേവമാതാവിന്റെ ഭർത്താവും എന്ന നിലയിൻ അവരിരുവരുടെയും മേൽ അധികാരം പ്രയോഗിക്കാൻ അവകാശമുള്ളവനാണ്. വി. യൌസേപ്പു ആവശ്യപ്പെട്ടതു ഔശോയും മാതാവും യാതൊരു വിധവും നിവർത്തിക്കും. ഔശോയെയും മാതാവിനെയും വി. യൌസേപ്പു അറിഞ്ഞിട്ടുള്ളപോലെ മറ്റാരും പുണ്യവാനും അറിഞ്ഞിട്ടില്ല, അറിയാൻ സാധിക്കയുമില്ല. അതിനാലാണ് തിരുസഭ യൌസേപ്പുപിതാവിന്റെ

ദൈവേഷ്ടപ്രസാദം കൂടാതെ നിത്യരക്ഷ പ്രാപിക്കാൻ സാധിക്കയില്ല.

നേരെ പ്രത്യേക ഭക്തി കാണിക്കുന്നുണ്ട്. യൌസേപ്പുപിതാവിനെ തിരു സഭമുഴുവന്റെയും പരിപാലകനായിട്ട് ൯-ാം പീയൂസ്, ൧൩-ാം ലെയോ എന്ന മാപ്പാപ്പാമാർ സ്ഥീകരിച്ചിട്ടുണ്ട്. മാർച്ചുമാസം മുഴുവനും ആ വിശുദ്ധന്റെ നേരെയുള്ള ഭക്തി വിശേഷവിധം പ്രദർശിപ്പിക്കാൻ തിരുസഭ നീക്കിവച്ചിരിക്കുന്നു. തിരുസഭയുടെ ഉപദേശവും നടപടിയുമാണല്ലൊ നല്ല കത്തോലിക്കർ പ്രമാണമായി കരുതേണ്ടതു. അതിനാൽ യൌസേപ്പുപിതാവിനോട് നമുക്കു പ്രത്യേക ഭക്തി ഉണ്ടായിരിക്കണം. ഒരംശോയെ പാലിച്ചപോലെ നമ്മെയും പാലിക്കേണമെന്നു ആ വിശുദ്ധനോട് അപേക്ഷിക്കണം. മാർച്ചുമാസത്തിൽ യൌസേപ്പുപിതാവിന്റെ വണക്കമാസം പള്ളികളിലും പല വീടുകളിലും കഴിക്കാറുണ്ടല്ലൊ. അതിൽ സംബന്ധിക്കണം. ആ കാര്യങ്ങൾ വായിച്ചു കേൾക്കുകയും അതിനെക്കുറിച്ചു ചിന്തിക്കയും വേണം. യൌസേപ്പുപിതാവിന്റെ സ്തുതിക്കായി, ധർമ്മംകൊടുക്കുക, ആശ്രയടക്കുക, വിരോധികളോട് ക്ഷമിക്കുക, മേലധികാരികൾക്കു കീഴ്വഴങ്ങുക, മുതലായ ഓരോ പുണ്യപ്രവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്യുക.»

ലോനപ്പനും പത്രോസുകുട്ടിക്കും കാര്യം ബോധ്യമായി. മാർച്ചുമാസം ഭക്തിപൂർവം കഴിക്കേണമെന്നു നിശ്ചയിക്കയും ചെയ്തു.



പ്രഞ്ഞകാർ നാടകം കാണാൻ വളരെ പ്രേമമുള്ളവരാണത്രെ. നാടകം നല്ലവണ്ണം കാണാൻ സൌകര്യമുള്ള സ്ഥലം പിടിക്കുന്നതിനു നാടകശാലയുടെ വാതുക്കൽ അവർ എത്ര നേരമെങ്കിലും കാത്തു കെട്ടി നില്ക്കാൻ മടിക്കയില്ല പോലും. ഒരിക്കൽ പ്രാൻസിലെ ഒരു നാട്ടും പുറത്തു ജനങ്ങൾ നാടകം കണ്ടു കൊണ്ടിരിക്കെ ഗാലറിയുടെ നടുവിൽനിന്നു ഒരു സ്ത്രീ ഉറക്കെ ഒരു കൂഴിയിൽ വീണു. അതു കണ്ടുനിന്നവരിൽ ഒരാൾ ഓടിച്ചെന്നു അവരെ പിടിച്ചു കയറിക്കൊണ്ടു "എന്താ വല്ലതും പറ്റിയൊ" എന്നു ചോദിച്ചു. "പറ്റിയെന്നോ! സംശയമുണ്ടൊ! ആദ്യത്തെ നിരയിൽ നടുക്കുള്ള എന്റെ ഇരിപ്പിടം എനിക്കു നഷ്ടപ്പെട്ടല്ലൊ" എന്നായിരുന്നു സ്ത്രീയുടെ മറുപടി.

ഗാല്ലിക ഭൈവേഷ്ടപ്രസംഗം ബുദ്ധിയുടെ പ്രകാശം നൽകുന്നു.

ത്രികാല വന്ദന.

(പിറന്നെ കണ്ണപ്പയ്യൻ കടവന്ത്ര.)

(മറിയമെ കന്നി or അതു നേരം കംസ. എന്ന രീതി.)

കരുണയേറുന്ന പരമീശൻ തന്നെറ
വരദൂതൻ ശുദ്ധ ഗബറിയേൽ
പരിശുദ്ധ ദൈവജനനി തന്നുടെ
തിരുമുമ്പിൽ വന്നു വചനിച്ചു;
പരിശുദ്ധാത്മാവാലമലയാം മേരി
പരിമോടെ ഗർഭവതിയായി!

പുരുപുണ്യമേറും മറിയമെ! സപ്രസ്തി
അതിവന്ദ്യനാകും മമ നാഥൻ
ഉരുതമമായുള്ളൊരുമപൂണ്ടിന്നു
മരുവുന്നു നിന്നിൽ ഗുണശീലെ!
നരനാരീ മരിലരിയ ഭാഗ്യംപൂ-
ണ്ടനുഗ്രഹീതയായമരും നിൻ
തിരുവുദരത്തിൻ ഫലമാകുമീശോ
പരലോകരാജൻ വിജയിപ്പൂ!!

വിശുദ്ധയായുള്ള മറിയമെ വാനോർ
പുകഴ്ത്തും ദൈവത്തിൻ ജനനിയെ!
അശുദ്ധമേറിടുന്നഘത്തിലുൾപ്പെട്ടൊ-
രിവർക്കുവേണ്ടിയിപ്പൊഴതിലും
മരണനേരത്തും കരുണയോടുവ്വി
ജനകനോടപേക്ഷിക്കുന്നാലെ!

സകലേശൻ തന്നെറ ദാസിതൊൻ നിന്നെറ
വചനം പോലെന്നിൽ ഭവിക്കട്ടെ! (പുരുപുണ്യമേറും)
വചനം മാംസമായതുലൻ നമ്മളി-
ലധിവാസംചെയ്തു കൃപയോടെ!! (പുരുപുണ്യമേറും)

(തുടരും.)

"പ്രസിദ്ധീകരണഞായറാഴ്ച."

സിലോണിൽ കൊളമ്പോ അതിരൂപതയിൽ ഒരു 'പ്രസിദ്ധീകരണഞായറാഴ്ച' (Press Sunday) ആചരിക്കേണമെന്നു കല്പിച്ചു അവിടത്തെ മെത്രാപ്പോലീത്താച്ചൻ ഫൻസ്വ ജനുവരി നാലാംനു ഒരു ഇടയലേഖനം പരസ്യപ്പെടുത്തിയിരുന്നു. അതനുസരിച്ചു ഇക്കൊല്ലത്തെ 'പ്രസിദ്ധീകരണഞായറാഴ്ച' ഈ ഫെബ്രുവരി രണ്ടാംനു യാണു് ആചരിക്കുന്നതു്. അന്നേദിവസം ഓരോ പള്ളികകളിലും നടത്തേണ്ടതായി മെത്രാപ്പോലീത്താച്ചൻ നിശ്ചയിച്ചിട്ടുള്ള കാര്യങ്ങളുടെ പരിപാടി താഴെ ചേർക്കുന്നു.

ക. പള്ളികളിൽ പ്രധാന കുർബ്ബാനസമയത്തു, നല്ല പ്രസിദ്ധീകരണങ്ങളെ വായിക്കേണ്ട ആവശ്യത്തെക്കുറിച്ചു പ്രസംഗം പറയുക.

ഖ. സന്ദർഭോചിതങ്ങളും ഉപയോഗകരങ്ങളുമായ ചെറുപുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്യുക.

ഗ. പള്ളിവാതുക്കൽ പുസ്തക അലമാരികൾ സ്ഥാപിച്ചു വില്പന നടത്താറുള്ള സ്ഥലങ്ങളിൽ, ഇരിപ്പുള്ള ഗ്രന്ഥങ്ങളും ലഘുലേഖകളും കുറഞ്ഞവിലക്കു വിറ്റുതീർക്കുക.

ഘ. കത്തോലിക്കപ്രസിദ്ധീകരണങ്ങളെ വീടുതോറും കൊണ്ടുനടന്നു വില്പനകയും, കത്തോലിക്ക പത്രമാസികകൾക്കു പുതിയ വരിക്കാരെ ചേർക്കയും ചെയ്യുക.

ങ. കത്തോലിക്കപ്രസിദ്ധീകരണങ്ങളെ സകല ജാതിമതസ്ഥരുടെയും ഇടയിൽ സൌജന്യമായി വിതരണം ചെയ്യേണ്ട ചിലവിലേയ്ക്കായി ഒരു പിരിവുനടത്തി പണം ശേഖരിക്കുക.

ച. കത്തോലിക്കരുടെ ഒരു പൊതുയോഗംകൂടി അതാതുസ്ഥലത്തെ നാട്ടുഭാഷകളിൽ കത്തോലിക്ക പ്രസിദ്ധീകരണങ്ങളെക്കുറിച്ചു പ്രസംഗം നടത്തുക.

ഛ. വി. കുർബ്ബാനയുടെ വാഴ്ച നടത്തുകയും, കത്തോലിക്കപ്രസിദ്ധീകരണങ്ങളുടെ പ്രചാരത്തിനായി രചിക്കപ്പെട്ടിട്ടുള്ളതും ബന്ധവിമോചനം നൽകപ്പെട്ടിട്ടുള്ളതുമായ ജപം ആയവസരത്തിൽ ചൊല്ലുകയും ചെയ്യുക.

മത്സരകഥ.

കടവിശ്ശേരിയിലെ കൊലയോസ്. (തുടർച്ച)

(ഒരു ചെറുകഥ)

(ശ്രീമാൻ സി. എ. മാത്യു, കല്ലൂർ.)

VI.

പണ്ടു കേട്ടിട്ടില്ലാത്തവിധം വധശിക്ഷ നടത്തുന്നതിനു രണ്ടു മണിക്കൂർ മുമ്പുമാത്രം കഴുമരം കത്തി ദഹിച്ചുപോയതുകൊണ്ടു ജയിലുദ്യോഗസ്ഥന്മാർ വളരെ കഴിഞ്ഞി. നിശ്ചയിക്കപ്പെട്ട സമയത്തു കഴുമരത്തിന്മേൽ തൂക്കിക്കൊല്ലുവാനല്ലാതെ മറെറാരുവിധം വിധി നടത്തുവാൻ അവക്കു അധികാരമില്ലായിരുന്നു. അതുകൊണ്ടു മേൽനടപടി എന്തായിരിക്കണമെന്നു കല്പനയുണ്ടാവാൻ അധികാരികൾ ഗവർമ്മേണ്ടിലേക്കു കമ്പിയടിച്ചു. പിന്നീടൊരു ഉത്തരവുണ്ടാകുന്നതുവരെ വിധി നടത്തൽ നീട്ടിവെപ്പാനും കഴിയുന്ന വേഗത്തിൽ കഴുമരം പണിചെയ്യാനുമായിരുന്നു മറുപടി.

ഇതിനിടയിൽ പട്ടണത്തിൽ ഉണ്ടായ രണ്ടു വീടുകൾക്കുകൂടി തീ പടർന്നു പിടിച്ചു കഴിഞ്ഞു. ഒരു മണിക്കൂറിനകം വന്നുചേർന്ന ഏതാനും യന്ത്രങ്ങളുടെ സഹായത്തോടുകൂടി അഗ്നിബാധയെ ഏതാണ്ടു നിയന്ത്രിക്കുവാൻ പോലീസുദ്യോഗസ്ഥന്മാർക്കു സാധിച്ചു. എങ്കിലും നേരം വെളിച്ചമായി തുടങ്ങിയപ്പോഴും, ഒരു ഭവനം കത്തിയെരിഞ്ഞുകൊണ്ടിരുന്നു. അതു പട്ടണത്തിലെ ഗ്രാണ്ട്ഹോട്ടലായിരുന്നു. ആ വീടിനു തീപിടിച്ചുകഴിഞ്ഞപ്പോൾ തന്നെ ഉണർന്ന മാനേജർ ഉടനെ താമസക്കാരെയെല്ലാം വിളിച്ചുണർത്തി പുറത്തു കടന്നു. ഭവനം പതുക്കെ കത്തിയമരാൻ തുടങ്ങി. അനേകായിരം ജനങ്ങൾ അതിന്റെ മുൻവശത്തു കൂടിയെങ്കിലും തീകെടുത്തുന്നതിനു അവരാരും ശ്രമിച്ചില്ല. ശ്രമിച്ചാൽ സാധിക്കയുമില്ലായിരുന്നു. പെട്ടെന്നു കെട്ടിടത്തിന്റെ മൂന്നാം നിലയിൽനിന്നു ഒരു നിലവിളികേട്ടു എല്ലാവരും മേല്പോട്ടു നോക്കി. ഒരു കയ്യിൽ ഒരു പെട്ടിയും പിടിച്ചുകൊണ്ടു പ്രാണരക്ഷാർത്ഥം ചാടി രക്ഷപ്പെടുവാൻ നിവൃത്തിയുണ്ടോയെന്നു പരിഭ്രമചിത്തയായി നോക്കിക്കൊണ്ടു ജനലിൽ കയറിനില്ക്കുന്ന ഒരു സ്ത്രീയെ

ആ ശക്തികിട്ടുമ്പോൾ നമുക്കു കർത്തവ്യം അനുഷ്ഠിക്കാൻ സാധിക്കുന്നു.

യാണ് അവർ കണ്ടത്. ചാടി രക്ഷപ്പെടുക അസാദ്ധ്യമെന്നു ഒറ്റനോട്ടംകൊണ്ടു അവർ മനസ്സിലാക്കി. കഷ്ടം, പതിനേഴു വയസ്സുമാത്രം തോന്നിക്കുന്ന ആ യുവതി എന്തു ചെയ്യേണ്ടു. ഈ അവസരത്തിൽ ഒരു പൊല്ലീസുദ്യോഗസ്ഥൻ എവിടേനിന്നോ ഒരേണി കൊണ്ടുവന്നു ആകെട്ടിടത്തിന്മേൽ ചാരിവെച്ചിട്ടു അതുവഴി ഇറങ്ങുവാൻ ആ തരുണിയോടു പറഞ്ഞു. ജനലിൽ നിന്നു നാലടിയിലധികം താഴേവരെ മാത്രമെ ഏണി എത്തിയിരുന്നുള്ളു. ഒരു കയ്യിൽ പെട്ടിയിരിക്കുന്നതുകൊണ്ടു മറ്റെ കൈ മാത്രം പിടിച്ചു അവൾ ഇറങ്ങേണ്ടിയിരുന്നു. അതു അവൾക്കു അസാദ്ധ്യമായിരുന്നതിനാൽ കാണികൾ വളരെ പരിഭ്രമിച്ചു വശായി. പെട്ടി കീഴ്പോട്ടെറിയുവാൻ അവൾക്കു തീരെ മനസ്സില്ല. ഏണിവഴി കയറിച്ചെന്നു അവളെ രക്ഷിക്കുവാൻ പ്രാപ്തിയും മനസ്സുമുള്ള ഒരുത്തനും അവിടെയില്ല. ഏതാനും നിമിഷങ്ങൾ കൂടിക്കഴിഞ്ഞാൽ എരിഞ്ഞമരുന്ന ആ ഗൃഹത്തിനോടുകൂടി അവളും നശിക്കും.

താഴെ കൂടിയ ജനങ്ങളുടെ എണ്ണം വർദ്ധിച്ചു. നമ്മുടെ ക്ലാസിയും മോനിക്കയും വങ്കൻമാത്തുവും തൽസമയം അവിടെ വന്നു. അപകടത്തിൽ പെട്ടിരുന്ന തരുണി ആരാണെന്നു അറിവാൻ അവർ നോക്കി. കുറെ മാസങ്ങൾക്കു മുമ്പുവരെ മോനിക്കയുടെ കൂടിയാന്മാരിൽ ഒരുത്തിയായിരുന്ന വിരോണിയാണു അവളെന്നു അവർക്കു മനസ്സിലായി. ഉടനെ പെൺകുട്ടികൾ മാത്തുവിന്റെ നേരെനോക്കി. ആ നോട്ടത്തിൽ അടങ്ങിയിരുന്ന അപേക്ഷ അയാൾക്കു മനസ്സിലായി. എന്നാൽ ആ ചെറുപ്പക്കാരൻ ഉപേക്ഷയെ സൂചിപ്പിക്കുന്നവിധം തലകുലുക്കി ദീർഘിതാശ്വസിച്ചു നിന്നതല്ലാതെ ആ സാധുസ്ത്രീയെ രക്ഷിപ്പാൻ തുനിഞ്ഞില്ല. പെട്ടിയെറിയുവാൻ ജനക്കൂട്ടം ആർത്തു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഏറ്റവും വൈമനസ്യത്തോടെ അവൾ അതിനു സമ്മതിച്ചു അതു താഴത്തിടുവാൻ ഭാവിച്ചു. ഇതു കണ്ടുനിന്ന മാത്തു ജനക്കൂട്ടത്തിൽകൂടി പാഞ്ഞു ഏണികയറിത്തുടങ്ങി. തന്നെ രക്ഷിപ്പാൻ വരുന്ന ആളാരാണെന്നറിഞ്ഞ ക്ഷണത്തിൽ വിരോണിയുടെ മുഖം സന്തോഷത്താൽ പ്രകാശിച്ചു. ജനക്കൂട്ടം ഒരു വലിയ ആർപ്പുവിളിയോടുകൂടി മാത്തുവിന്റെ ധൈര്യത്തേയും മഹാമനസ്കതയേയും വാഴ്ത്തി.

മാത്തു മുകളിലെത്തി. വിരോണി മാത്തുവിന്റെ കൈകളിൽ അഭയം പ്രാപിച്ചു. പെട്ടി ഇടതുകൈയിൽ മുറുകെ പിടിച്ചിരുന്നു. ജനങ്ങൾ മാത്തുവിനെ ധൈര്യപ്പെടുത്തി ചിയേഴ്സ് വിളിക്കുന്നു. അയാൾ അവളെ

വഹിച്ചുകൊണ്ട് കോവണി ഇറങ്ങുന്നു. സുരക്ഷിതയായെന്നു ബോദ്ധ്യംവന്ന വിരോണി മാത്തുവിന്റെ തോളിൽചാരി മോഹാലസ്യപ്പെടുകയും പെട്ടികയ്യിൽനിന്നു താഴെവീണു പൊളിഞ്ഞു അകത്തുണ്ടായിരുന്ന കടലാസുകൾ തെറിച്ചുപോകയും ചെയ്യുന്നു. ഇതോടുകൂടി മാത്തു വിരോണിയോടുകൂടി പിറകിലേക്കു വീഴുന്നു. തൽഫലമായി മാത്തുവിന്റെ കാലൊടിയുകയും രണ്ടുപേരും ബോധശൂന്യരായിക്കിടക്കയും ചെയ്യുന്നു.

അവിചാരിതമായുണ്ടായ ഈ അപകടംകണ്ടു ഓടിയണഞ്ഞ ജനക്കൂട്ടത്തെ പോലീസുകാർ അകറ്റിനിറുത്തി. മാത്തുവിനേയും വിരോണിയേയും സ്ഥലത്തുണ്ടായിരുന്ന ഒരു ഡോക്ടരെ വിളിപ്പിച്ചു. പെട്ടിപ്പൊളിഞ്ഞു പുറത്തു പോയ കടലാസുകൾ ഒരു ഇൻസ്പെക്ടർ പെറുക്കിയെടുത്തു. അതു തോമസിനെ അറസ്റ്റ് ചെയ്ത ഇൻസ്പെക്ടറായിരുന്നു. പെറുക്കിയെടുത്ത കടലാസുകൾ ഏതാനും എഴുത്തുകളും നോട്ടുകളുമായിരുന്നു. അവയെക്കുറിച്ചു യാതൊന്നും ഗ്രഹിയ്ക്കുവാൻ അദ്ദേഹം പോക്കറ്റുബുക്കു തുറന്നു നോട്ടുകളുടെ നമ്പ്രു് നോക്കിത്തുടങ്ങി. ഉടനെ അദ്ദേഹത്തിന്റെ മുഖം വിളറി. വീണ്ടും നോട്ടുകളും പോക്കറ്റുബുക്കിൽ ഏതാനും മാസങ്ങൾക്കുമുമ്പു എഴുതിയ കുറിപ്പും വായിച്ചുനോക്കി. അദ്ദേഹം ഇടിയേറ്റതുപോലെ നിന്നു. അദ്ദേഹത്തിന്റെ ഡിവാൻജി ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മുതലായ ഉദ്യോഗസ്ഥന്മാർ നിൽപ്പുണ്ടായിരുന്നു. ഇൻസ്പെക്ടർ അവരുടെ അടുക്കലേക്കു ഓടി അടിയന്തിരമായി എന്തോ റിപ്പോർട്ടുചെയ്തു. അവർ നോട്ടുകളും ബുക്കും പരിശോധിച്ചു എന്തോ കല്പനകൊടുത്തു. ഇൻസ്പെക്ടർ തിരിച്ചുവന്നു ഏതാനും പോലീസുകാരെ വിളിച്ചു മാത്തുവിനേയും വിരോണിയേയും പോലീസു ബന്തവസ്സോടുകൂടി ആസ്പത്രിക്കയച്ചു.

ലോനപ്പന്റെ ദേഹത്തിൽ ഉണ്ടായിരുന്നുവെന്നു വിശ്വസിക്കപ്പെട്ടിരുന്നതും ഇതുവരെ കണ്ടുകിട്ടാഞ്ഞതുമായ ന്യൂ അമ്പതുറുപ്പികനോട്ടുകളിൽ തോമസിന്റെ കീശയിൽ നിന്നു കിട്ടിയ ഒരെണ്ണം കഴിച്ചു ബാക്കി ഒൻപതു നോട്ടുകളും മാത്തു വിരോണിക്കയച്ചിരുന്ന ഏതാനും എഴുത്തുകളുമായിരുന്ന പെട്ടിയിൽ നിന്നു കിട്ടിയതു. തോമസിനെ കൊലക്കു വിധിച്ചതു ഈ നോട്ടുകളെടുപ്പാൻവേണ്ടി തോമസ് ലോനപ്പനെ കൊലചെയ്തുവെന്നു സ്ഥാപിച്ചുവെന്നു വായനക്കാർ ഓർക്കുന്നുണ്ടല്ലോ. ക്ഷണത്തിൽ ഈ വർത്തമാനം ജനക്കൂട്ടത്തിൽ പരന്നു. 'തോമസ് നിർദ്ദോഷി; അദ്ദേഹത്തെ വിടണം, കുറ്റം ചെയ്തവനെ ശിക്ഷിക്കണം' എന്നു ഇടവിടാതെയുള്ള മുറവിളി അവരിൽ നിന്നു കേൾക്കാറായി. ഉദ്യോഗസ്ഥന്മാർ പ്രയാസപ്പെട്ടു ജനക്കൂട്ടത്തെ

ഇപ്പോപ്രസാദംവഴി ദൈവം നമ്മെ അതു പഠിപ്പിക്കും.

പിരിച്ചയച്ചു. 'തോമസിനെ വിടണം' എന്നു ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ടു ജനങ്ങൾ നാലുവഴിക്കും പോയി. അപ്പോൾ നേരവും വെളുത്തു. തോമസിനെ തൂക്കിലിടുവാൻ നിശ്ചയിച്ചിരുന്ന സമയവും അതായിരുന്നു.

VII.

ട്ടുഷിനാഗപട്ടണം ജനറലാശുപത്രിയിൽ ഒരു സ്ത്രീയും പുരുഷനും ബോധരഹിതരായിക്കിടക്കുന്നു. അവരുടെ കട്ടിലിന്നു പുറവും പൊല്ലീസുഗാർട്ടുണ്ട്. ക്രമേണ സ്ത്രീക്കു ബോധം വീണു. സ്ഥലത്തുണ്ടായിരുന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഉടനെ അടുത്തുവന്നു അവളുടെ പെട്ടിയിൽനിന്നു കണ്ടുകിട്ടിയ നോട്ടുകൾ എവിടെനിന്നു കിട്ടിയെന്നു ചോദിച്ചു. തനിക്കു വങ്കൻ മാത്തുവിൽനിന്നു വരുവാനുണ്ടായിരുന്ന ൨൦൦൦ ക. യും പലിശയും അയാൾ കൊടുത്തവകയിൽ കിട്ടിയതാണെന്നു അവൾ മറുപടി പറഞ്ഞു. മാത്തു അപ്പോഴും ബോധശൂന്യനാണെന്നു അറിഞ്ഞപ്പോൾ അവൾക്കു വലിയ വ്യസനമുണ്ടായി. എന്നാൽ അവളുടെ മുഖത്തു കളങ്കത്തിന്റെ യാതൊരു ലക്ഷ്യവും കണ്ടില്ല.

൭ എട്ടുദിവസം കൂടി കഴിഞ്ഞു. ഇതിനിടയിൽ വിരോണി പൂർണ്ണസുഖം പ്രാപിച്ചു. മാത്തു പഴയ സ്ഥിതിയിൽ തന്നെ. തന്റെ പെട്ടിയിൽനിന്നു കിട്ടിയ നോട്ടുകളും കടവിട്ടേരി കൊലക്കേസ്സും തമ്മിൽ സംബന്ധമുണ്ടെന്നു പണ്ടേയുള്ള സംശയം സ്ഥിരപ്പെട്ടപ്പോൾ വിരോണിക്കു വലിയ വ്യസനമുണ്ടായെങ്കിലും തന്നെ സംബന്ധിച്ചു വലിയ ഭയമുണ്ടായില്ല. ഫാദർ ചെറുശ്ശേരി ആസ്പത്രിയിൽ ദിവസത്തിൽ മൂന്നുനേരംവീതം വരുന്നുണ്ട്. ചില പ്പോൾ അച്ചനോടുകൂടി ളസിയും മോനിക്കയും ഉണ്ടാകും. കേസിന്റെ രഹസ്യങ്ങൾ മനസ്സിലാകണമെങ്കിൽ മാത്തുവിനു ബോധം വീണു മൊഴി വാങ്ങിയാൽ മാത്രമേ സാധിക്കയുള്ളുവെന്നു അവർ അറിഞ്ഞിരുന്നു. അതിനുവേണ്ടി അവർ സദാ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ മാത്തുവിന്റെ ജ്വരം ക്രമേണ വർദ്ധിച്ചു അവസാനസമയം വളരെ സമീപിച്ചിട്ടും അയാൾക്കു ബോധം വീണില്ല. രണ്ടുദിവസം കൂടിക്കഴിഞ്ഞു. മാത്തു പെട്ടെന്നു എഴുന്നേറ്റിരുന്നു ഒരു പട്ടക്കാരനെ ആവശ്യപ്പെട്ടു. സ്ഥലത്തു ഫാദറുണ്ടായിരുന്ന ഫാദർ ചെറുശ്ശേരി അടുത്തുചെന്നു അവർ തമ്മിൽ ദീർഘനേരം ഒരു സംഭാഷണം നടത്തി. സംഭാഷണം കഴിഞ്ഞു അന്ത്യകൂദാശകൾ കൊടുത്തുകൊണ്ടു അച്ചൻ പുറത്തുവന്നു. അതിനിടയിൽ സ്ഥലത്തെത്തിയ

---

൭ കർത്തവ്യം നിർവഹിപ്പാൻ വിഷമിക്കുമ്പോഴും ദൈവത്തോടു പ്രാർത്ഥിക്കുക.

ഡിസ്ട്രിക്ട് മജിസ്ട്രേട്ട മാത്തുവിന്റെ അപേക്ഷപ്രകാരം താഴെ പറയപ്പെടുന്ന മരണവാമൊഴി എഴുതി.

'ഞാൻ കടവിശ്ശേരിയിലെ കായ്സ്ഥനായി നിയമിക്കപ്പെട്ട ഏതാണ്ടു നാൽകഴിഞ്ഞപ്പോൾ എന്റെ ഉള്ളിൽ രണ്ടു മോഹങ്ങൾ ഉണ്ടായി. ഒന്നാമത്തേതു മോനിക്കയെ വിവാഹം ചെയ്യണമെന്നതായിരുന്നു. രണ്ടാമത്തേതു കടവിശ്ശേരി സ്വത്തിനു അവകാശിയാകുക എന്നതായിരുന്നു. ഇതിനു അനേകം തടസ്ഥങ്ങൾ ഉണ്ടായിരുന്നു. മോനിക്ക എന്നെ വിവാഹം ചെയ്യുമെന്നതു സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. എന്നെ വെറും ഒരു ഉയന്നതരം വേലക്കാരനായേ അവൾ ഗണിച്ചുള്ളൂ. അതു ദുസ്സഹമായിരുന്നു. അതിനാൽ നല്ലവണ്ണം ഉടുത്തുനടന്നു അവളെ ആകർഷിക്കുവാൻ ഞാനാരച്ചു. എനിക്കു അതിനു പണമുണ്ടായിരുന്നില്ല. ഈ സന്ദർഭത്തിൽ അന്നമുത്തശ്ശി എന്റെ കൈയിൽ 2,000 ക. സൂക്ഷിക്കുവാൻ തന്നു. അതു ഞാൻ മിലവാക്കി. മുത്തശ്ശി മരിക്കാറായപ്പോൾ എന്നെ വിളിച്ചു വിരോണിയുടെ മുമ്പിൽവച്ചു എന്റെ കയ്യിൽ തന്ന പണത്തിന്റെ കാര്യം പറഞ്ഞു. അതു വിരോണിയുടെ സ്ത്രീധനമാണെന്നും അവളുടെ വിവാഹമടുത്തിരിക്കുന്നതുകൊണ്ടു മടക്കികൊടുക്കണമെന്നുമാണ് അവർ പറഞ്ഞതു. ഞാൻ വിരോണിയെ വിവാഹം ചെയ്യാൽ പണം കൊടുക്കേണ്ടയെന്നും കിഴവി പറയാതിരുന്നില്ല. എന്റെ കയ്യിൽ പണമില്ലായിരുന്നു. ഞാൻ വിരോണിയെ വിവാഹം ചെയ്യാമെന്നു സമ്മതിച്ചു. വിരോണിക്കും അതു അത്യന്തം സന്തോഷപ്രദമായിരുന്നു. കിഴവി അതുസമ്മതിച്ചു മരിച്ചു.

കുറെക്കഴിഞ്ഞു വിരോണി വിവാഹംനടത്താൻ ആവശ്യപ്പെട്ടു. ഞാൻ അവധി പറഞ്ഞു കഴിച്ചു. ഒടുവിൽ അവൾ നിർബന്ധമായി. മോനിക്കയോടു സങ്കടം പറയുമെന്നും അവൾ ഒരിക്കൽ ഭയപ്പെടുത്താതിരുന്നില്ല. ഞാൻ കുടുങ്ങി. തത്സമയം മോനിക്ക ഞങ്ങളുടെ അടുത്തുകൂടി കടന്നുപോയി. വിരോണി മോനിക്കയെ സംഗതികൾ അറിയിക്കുമെന്നു ഞാൻ ഭയന്നു. അവൾ പറഞ്ഞവിധം രണ്ടാഴ്ചക്കുള്ളിൽ പണം കൊടുക്കുകയോ കല്യാണം നടത്തുവാൻ ഏർപ്പാടു ചെയ്യുകയോ ചെയ്യാമെന്നു ഞാൻ സമ്മതിച്ചു. വിരോണി എന്നെ വിശ്വസിച്ചു. എന്റെ ആഗ്രഹപ്രകാരം അവളുടെ താമസം പട്ടണത്തിലാക്കി. ഇതിനിടയിൽ മോനിക്കയെ എന്റെ ആഗ്രഹം അറിയിക്കാൻ ഞാൻ വളരെ ശ്രമിച്ചു. അവൾ അതു മനസ്സിലാക്കിയില്ല. മോനിക്കയും തോമസും അറിയാതെതന്നെ അവർ

ഇഷ്ടപ്രസാദം വഴി ദൈവം നമുക്കു അതിനു ശക്തിതരും.

തമ്മിൽ വേർപിരിവാൻ കഴിയാത്തവിധം പ്രണയമുണ്ടായതുകൊണ്ടാണു മോനിക്കു എന്റെ പ്രണയം അറിയാഞ്ഞതു. എനിക്കു അതു മനസ്സിലായി. എന്നാൽ അവർ അതു സഹോദരസ്നേഹമായേ അന്നു കരുതിയുള്ളൂ. ഞാൻ നിരാശയിലായി. വിരോണി പറഞ്ഞ അവധി അടുത്തു. തോമസിനെ അകറ്റുവാനും വിരോണിയെ സമാധാനപ്പെടുത്തുവാനും ഒരു സൂത്രം കണ്ടുപിടിപ്പാൻ ഞാൻ എത്ര ശ്രമിച്ചിട്ടും വഹിച്ചില്ല. ലോനപ്പന്റെ ആഗമം എനിക്കു കൂടുതൽ കരുവായി. എങ്ങനെയാലും വിരോണിയെ സമാധാനപ്പെടുത്താൻ പട്ടണത്തിലേക്കു പോവാൻ ഞാനുറച്ചു. അതിനു വേണ്ടി അവുടിയും വാങ്ങി. അപ്പോളാണു ലോനപ്പന്റെ കയ്യിൽനിന്നു വീണുപോയ മെക്കു തോമസ് കണ്ടു എടുത്തു ലോനപ്പനു കൊടുത്ത വിവരം ഞാനറിഞ്ഞതു. ഉടനെ എന്റെ ഉള്ളിൽ പിശാചു പ്രവേശിച്ചു. ആ ഉറുപ്പിക കപ്പേളയുടെ സമീപത്തുവച്ചു പിടിച്ചുപറിപ്പാൻ ഞാൻ രീതിപ്പെടുത്തി. വീട്ടിൽപോകുന്ന ഭാവത്തിൽ പോയഞാൻ സന്ധ്യയായപ്പോൾ കപ്പേളക്കടുത്ത കാട്ടിൽ വേഷപ്രച്ഛന്നനായി പതുങ്ങിയിരുന്നു. ആദ്യം തോമസും പിന്നെ ലോനപ്പനും പ്രാർത്ഥിപ്പാൻവന്നു. തോമസിന്റെ പ്രാർത്ഥനസമയത്തു് ലോനപ്പൻ തോമസ് അറിയാതെ ഒരു അൻപതു ഉറുപ്പിക നോട്ടു് അയാളുടെ കീശയിൽ ഇടുന്നതു് ഞാൻ കണ്ടു. ലോനപ്പനെ കൊന്നു് പണംകവർന്നാൽ സാഹചര്യങ്ങളുടെ ശക്തിയാൽ കേസ്സു് തോമസിന്റെമേൽ ചാർജ്ജാക്കാമെന്നും അതുവഴി എന്റെ ആഗ്രഹത്തിനു പ്രതിബന്ധമായി നില്ക്കുന്ന മൂന്നുപേരെയും അകറ്റാമെന്നും പിശാചു് എന്റെ ഉള്ളിൽ തോന്നിച്ചു. ആദ്യം തോമസും പിന്നീടു് ലോനപ്പനും മടങ്ങിപ്പോയി. അപ്പോൾ ഞാൻ പതുങ്ങിച്ചെന്നു ലോനപ്പനെ കൊന്നു പണമെടുത്തു വിരോണിക്കു കൊണ്ടുപോയികൊടുത്തു അവളെ തൃപ്തിപ്പെടുത്തി. ലോനപ്പന്റെ ദേഹത്തിൽ നൂറോ ഉറുപ്പികയുണ്ടായിരുന്നുവെന്നു ഇൻസ്പക്ടർ എഴുതിയച്ചതും തോമസിന്റെ മെതിയടിയേറി കത്തി അയാളുടെ വള്ളത്തിലേക്കെറിഞ്ഞതും ഞാനാണു. ഞാൻ ഊഹിച്ചതിൽ ഒന്നുമാത്രം തെറ്റി. നോട്ടുകളുടെ നമ്പ്രു് വിശ്വയമുണ്ടെന്നു ഞാൻ ഒടുവിലെ അറിഞ്ഞൊള്ളൂ. അതു വിരോണിയെ അറിയിച്ചില്ലെങ്കിൽ സർവ്വം അബദ്ധമാകും. എനിക്കു പോകാൻ സമയമില്ല. ഞാൻ വരുന്നതുവരെ നോട്ടുകൾ മാറരുതെന്നു ഞാൻ അവൾക്കെഴുതി. ഒടുവിൽ ഞാൻ അവളെ മൊന്നു കണ്ടു. ഞാൻ അവളെത്തന്നെ കല്യാണംചെയ്യാൻ രീതിപ്പെടുത്തിയെന്നും അതുവരെ ഞാൻ കൊടുത്ത നോട്ടുകൾ മാറരുതെന്നും ചിലവിനു ഞാൻ കൊടുക്കാമെന്നും പറഞ്ഞു. കൊലക്കേസ്സു് അവളെ അറിയിച്ചില്ല.

ഒടുവിൽ അവൾ അതു തുറിയുകയും നോട്ടുകളെക്കുറിച്ചു മിക്ക സംശയങ്ങൾ ഉണ്ടാകുകയും ചെയ്തുകിലും തല്ക്കാലം അവൾ എന്റെ അപേക്ഷ സമ്മതിച്ചു. പക്ഷേ നോട്ടുകൾ എന്റെ എഴുത്തോടുകൂടി പെട്ടിയിൽവെച്ചു പൂട്ടിയതല്ലാതെ എന്റെ കയ്യിൽ തന്നില്ല. ക്രമത്തിൽ കൈക്കലാക്കാമെന്നു ഞാനും ഉറച്ചു.

അഗ്നിബാധയിൽപെട്ട് വിരോണി കഴിഞ്ഞു. അതു ഞാൻ കണ്ടു. എന്നാൽ ഞാൻ രക്ഷിപ്പാൻ തുനിഞ്ഞില്ല. പെട്ടി എറിഞ്ഞാൽ കള്ളി പുറത്താകുമെന്നു വെച്ചാണ് ഒടുവിൽ ഞാൻ രക്ഷിപ്പാൻ തുനിഞ്ഞതു. ശേഷം അറിയാമല്ലൊ.

എന്റെ തെറ്റിനെക്കുറിച്ചു ഞാൻ അത്യന്തം വ്യസനിക്കുന്നു. ഉപദ്രവിച്ചവരോടു താഴ്മയായി മാപ്പപേക്ഷിക്കുന്നു. ദൈവം പരമദയാലുവായ്കൊണ്ടു എന്നോടു ക്ഷമിക്കുമെന്നു ശരണപ്പെടുകയും ചെയ്യുന്നു.

ഇതുമെഴുതിയ മജിസ്ട്രേട്ട് ഉറക്കെ വായിച്ചു. മാതു അതിൽ ഒപ്പുവെച്ചു. അത്ഭുതമെ! അടുത്തക്ഷണത്തിൽ മാതു അന്ത്യശ്വാസം വലിച്ചു.

* * *

മാതു മനസ്സാപ്രപ്പെട്ടു മരിച്ചതുകൊണ്ടും തോമസ് കുറ്റമറ്റവനെന്നു തെളിഞ്ഞതുകൊണ്ടും അവിടെ കൂടിയിരുന്നവരെല്ലാം അത്യന്തം സന്തോഷിച്ചു. മജിസ്ട്രേട്ട് ഈ വിവരങ്ങളെക്കുറിച്ചു ഒരു റിപ്പോർട്ട് ഹൈക്കോടതി വഴി ശവമ്മേൽചിലേയ്ക്കയച്ചു. തോമസിയാതെ തോമസിനെ വിടുവാനുള്ള കല്പനയും പുറപ്പെട്ടു. അദ്ദേഹത്തെ സ്വീകരിച്ചു വീട്ടിലേയ്ക്കു കൊണ്ടുപോകാൻ ജയിലിന്റെ പടിക്കൽ വാജരായവർക്കു സംഭ്രമിയില്ല.

* * *

ലോനപ്പൻ മരിച്ചസ്ഥലത്തു ഇപ്പോൾ ഒരു സ്മാരകം കാണുന്നുണ്ട്. അയാൾ മരിച്ചദിവസം കൊല്ലംതോറും ആ സ്മാരകത്തിന്നടുക്കൽ മിലർവന്നു നമസ്കരിക്കാറുണ്ട്. അവരിൽ രണ്ടുപേർ കടവിശ്ശേരിയിലെ ഇപ്പോഴത്തെ ഉടമസ്ഥനായ തോമസും ഭാര്യ മോനിക്കയുമാണ്. അവരോടുകൂടി നടക്കുന്ന മൂന്നാമൻ തന്റെ ചെറിയ അനുജൻ ലോനപ്പനെ മിലപ്പോൾ അവന്റെ വളർത്തമ്മയായ വിരോണിയുടെ കയ്യിൽനിന്നു വാങ്ങി താലോലിക്കുന്നതു കാണുന്നവരെല്ലാം "പണിക്കാർ കൊള്ളരുതാത്തതായി തള്ളിയ കല്ലിനെ കോണിൽ തലയാക്കുന്ന ദൈവത്തെ ഓർക്കാതിരിക്കുവാൻ പ്രയാസമാണ്.

ഹനാൻവെള്ളവും മരണക്കട്ടിലും.

(ശ്രീമതി മറ്റു ജോസ് ക. കട്ടംപേരിൽ.)

അമേരിക്കയിൽ ചിക്കാഗോ എന്ന പട്ടണത്തിലുള്ള ഒരു ശ്രേഷ്ഠ വൈദികൻ അദ്ദേഹത്തിനുതന്നെ അനുഭവമായ ഒരു സംഭവം താഴെ വരും പ്രകാരം വിവരിച്ചിരിക്കുന്നു.

ഒരു പൊതുവെ പ്രയാസമുള്ള ദിനം ഞാൻ പള്ളിയിലെ ദിവ്യകർമ്മങ്ങൾ കഴിഞ്ഞു പരിശുദ്ധ ദിവ്യകാരുണ്യസന്നിധിയിൽ ആരാധനയും കഴിച്ചശേഷം മുറിയിൽ വന്നിരിക്കുമ്പോൾ ഒരാൾ ധൃതഗതിയിൽ പ്രവേശിച്ചുകൊണ്ട് «അച്ചാ, അനേക കൊല്ലത്തേയ്ക്കു കുമ്പസാരം കേൾക്കാത്തിട്ടില്ലാത്ത ഒരു പാപി ആസന്നമരണനായി കിടക്കുന്നു. അച്ചൻ വേഗം വന്നു അയാളെ ഈ അന്ത്യസമയത്തിലെങ്കിലും കുമ്പസാരിപ്പിക്കണമെ» എന്നപേക്ഷിച്ചു. ഞാൻ ഒട്ടും താമസിയാതെ ആ വന്ന ആളോടുകൂടെ രോഗിയുടെ വീട്ടിലേക്കു പുറപ്പെട്ടു. രോഗിയുടെ വീട്ടിലേക്കുള്ള എന്റെ പ്രവേശനം അയാൾ അറിഞ്ഞമാത്രയിൽ, «ഇപ്പോൾ ഇവിടെ വന്ന ആ കുത്തനാരെ ഈ മുറിയ്ക്കു കത്തു കയറ്റിക്കൂടാ. രോഗമുണ്ടായാൽ ഈ കൂട്ടരുണ്ടോ ചികിത്സിക്കുന്നതു. അതിനാളകൾ വേറെ ഉണ്ട്. ഇയാൾ എത്രയുംവേഗം ഇവിടെനിന്നു പോകയാണ് നല്ലതു. അല്ലെങ്കിൽ—» എന്നു ഭയങ്കരസ്വരത്തിൽ പറഞ്ഞു.

ഇതിന്റെശേഷം രോഗി മീനവേനലെന്നപോലെ, «അയ്യോ, അയ്യോ എന്റെ കാലിൽ ആരോ കടന്നുപിടിക്കുന്നു. എന്റെ തലമുടി അയ്യോ, എന്റെ തലമുടി» എന്നു പറഞ്ഞു നിലവിളിച്ചിരുന്നു. ഞാൻ രോഗിയുടെ ഈ സ്ഥിതിഗതികൾ കണ്ടപ്പോൾ അയാളുടെ മനസ്സുതിരിവുവളരെ അസാദ്ധ്യമായ ഒന്നായി തോന്നി. എങ്കിലും രോഗിക്കു നല്ല ഉപദേശങ്ങൾ പറഞ്ഞുകൊടുക്കുവാൻ അടുത്തു നിന്നവരോടു പറഞ്ഞശേഷം ഞാൻ നൽമരണ മദ്ധ്യസ്ഥനായ വി. യൗസേപ്പുപിതാവിനോടു അപേക്ഷിപ്പാൻ തുടങ്ങി. എന്നാൽ രോഗിയാകട്ടെ ഉപദേശങ്ങൾ പറഞ്ഞുകൊടുത്തിരുന്നവരുടെ മുഖത്തുതുപ്പുകയും, അയാളുടെ അടുക്കലുണ്ടായിരുന്ന ഓരോ സാധനങ്ങൾ എടുത്തു അവരെ എറിയുകയും ചെയ്തിരുന്നു. 'അച്ചൻ' 'കുമ്പസാരം' എന്നീ വാക്കുകൾ കേൾക്കുന്ന മാത്രയിൽ, «എടാ അച്ചൻ, ആരുടെ കുമ്പസാരം, ആ വന്ന അച്ചൻ പോയില്ലേ. ആ മൂപ്പിശാശു ഈ

അടിച്ചതിൽനിന്നിറങ്ങി പോയെങ്കിൽ മാത്രമെ എന്റെ രോഗം പൊറുക്കയുള്ളൂ" എന്നു പറഞ്ഞു അടുത്തു നിന്നിരുന്നവരെ ശാസിച്ചിരുന്നു.

ഇങ്ങനെ മണിക്കൂർ ഒന്നു രണ്ടു കഴിഞ്ഞു. എന്റെ പ്രാർത്ഥന ഞാൻ തുടർന്നുകൊണ്ടിരുന്നു. പ്രാർത്ഥനാമദ്ധ്യേ എന്തോ ഒരു വെളിപാടു എനിക്കുണ്ടായതുപോലെ തോന്നി. അതു വി. യൗസേപ്പുപിതാവിൽ നിന്നുതന്നെയായിരിക്കണമെന്നു ഞാൻ തീർച്ചയാക്കി. പ്രസ്തുത വെളിപാടു രോഗിയുടെ മുറിയിലേക്കുള്ള എന്റെ പ്രവേശനത്തിനും അയാളുടെ മനഃസാന്തരത്തിനു മുണ്ടായിരുന്ന തടസ്സങ്ങൾ ഇന്നതാണെന്നു എന്നെ മുൻകൂട്ടിക്കാണിച്ചതുപോലെ ഇനിക്കു തോന്നി. കുറെ ഹനാൻവെള്ളം കൊണ്ടുവരുന്നതിനായി ഞാൻ പള്ളിയിലേക്കു പോയച്ചു. ആ പരിശുദ്ധ ജലം "സാത്താനെ, ശുദ്ധ. ശ്രീ പത്തിന്റെ നാമത്തിൽ നീ ഇവിടെനിന്നു പോകുക" എന്നുച്ചരിച്ചുകൊണ്ടു മൂന്നു പ്രാവശ്യം ഞാൻ രോഗിയുടെ കട്ടിലിനു മുറ്റും മുറിയിലും തളിച്ചു.

ഹനാൻവെള്ളം തളിച്ചു സപ്പുസമയം കഴിഞ്ഞപ്പോൾ മയങ്ങിക്കിടന്നിരുന്ന രോഗി കണ്ണുതുറന്നു അടുത്തുനിന്നിരുന്നവരോടു "അച്ചൻ വന്നിട്ടു പോയോ, അദ്ദേഹത്തെ എനിക്കൊന്നു കാണണമെല്ലോ" എന്നു പറഞ്ഞു. ഞാൻ ഇതു കേട്ടുംകൊണ്ടു കയ്യിലൊരു ചെറിയ കുരിശുരൂപവുമായി രോഗിയുടെ അടുക്കലേക്കു ചെന്നു കുരിശുരൂപം മുത്തിച്ചു. ഇതു കഴിഞ്ഞയുടനെ "എന്റെ ദൈവമെ, ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു. ഓ! എന്റെ കർത്താവെ, എങ്ങിനെ ഞാൻ നിന്നെ സ്തുതിക്കും" എന്നു പറഞ്ഞുകൊണ്ടു ഒരു ചെറിയ കുട്ടിയെപ്പോലെ വാവിട്ടു കരയുവാൻ തുടങ്ങി. ഈ കരച്ചിൽ അയാളുടെ പാപത്തെക്കുറിച്ചുള്ള സാക്ഷാൽ മനസ്താപത്തിന്റെ ലക്ഷ്യമായി എനിക്കു തോന്നി. രോഗിയുടെ അടുത്തു നിന്നിരുന്ന ബന്ധുമിത്രാദികൾ ഇപ്രകാരം ഒരു മാറ്റം അയാളിൽ കണ്ടതിനാൽ ദൈവത്തെ സ്തുതിക്കയും, ഹനാൻവെള്ളംതന്നെയാണ് ഈ മാറ്റത്തിനു കാരണമെന്നു വിശ്വസിക്കയും ചെയ്തു.

ഏകദേശം അരമണിക്കൂർ കഴിഞ്ഞതിന്റെ ശേഷം രോഗി കണ്ണുകളുയർത്തി എന്നെ നോക്കിക്കൊണ്ടു. "അച്ചാ എനിക്കു കുമ്പസാരിക്കണം." എന്നപേക്ഷിച്ചു. ഞാൻ വേഗം രോഗിയുടെ അടുത്തിരുന്നു. അയാൾ ആ കിടന്ന കിടപ്പിൽ തന്നെ കിടന്നുകൊണ്ടു കുമ്പസാരം കഴിച്ചു. ഇതിന്റെശേഷം, "കുർബ്ബാന ഉൾക്കൊള്ളുവാൻ ഒരുങ്ങിക്കൊൾക; ഞാൻ നാളെ രാവിലെതന്നെ വന്നു കുർബ്ബാന എഴുന്നള്ളിച്ചുതരാം;" എന്നുപറഞ്ഞു

രോഗികൾ ഭാവിച്ചപ്പോൾ, "അച്ചാ, ദിവ്യകാരുണ്യം കൊള്ളൽ എന്നു നാളെയാകുന്നു. ഞാൻ നാളത്തേക്കു ജീവിക്കയില്ല. എന്റെ അന്ത്യം ഇതാ അടുത്തിരിക്കുന്നു. ഇന്നു പാതിരാവാകുമ്പോൾ ഞാൻ മരിക്കും. എന്റെ പാപങ്ങളുടെ പ്രായശ്ചിത്തമായി ദൈവം അയച്ചിരിക്കുന്ന ഈ രോഗവും എന്റെ ആയുസ്സും ഒരുമിച്ചുതന്നെ കഴിയും. അതുകൊണ്ടു അച്ചൻ എത്രയും വേഗത്തിൽ എനിക്കു വേണ്ടിയ കൂദാശകൾ എല്ലാം തരണമെ," എന്നു വളരെ ബദ്ധപ്പെട്ടു പറഞ്ഞു.

രോഗിയുടെ ആഗ്രഹമനുസരിച്ച് ദിവ്യകാരുണ്യദാനവും അന്ത്യോപചാരവും ഞാൻതന്നെ നടത്തി. പെട്ടെന്നു രോഗിയിലൊരു വ്യത്യാസമുണ്ടായി. ആയതു മരണലക്ഷണമെന്നു എനിക്കു മനസ്സിലായി. അടുത്തുനിന്നിരുന്നവരോടു മരണസമയത്തു ചൊല്ലുവാനുള്ള നമസ്കാരങ്ങൾ കഴിക്കുവാൻ പറഞ്ഞു. ഞാൻ രോഗിയുടെ തലഭാഗത്തിരുന്നുകൊണ്ടു. "ഔശോ, മറിയം, യൗസേപ്പു, എന്റെ ആത്മാവിനെ കൂട്ടായിരിക്കണമെ," എന്നു സൂകൃതജപം ചൊല്ലിക്കൊടുക്കയും ഇടയ്ക്കിടെ കുരിശുരൂപം മുത്തിക്കയും ചെയ്തു. സുബോധത്തോടുകൂടി രോഗി സൂകൃതജപം ആവർത്തിച്ചു. അവസാനശ്വാസത്തിൽ കണ്ണുതുറന്നു കുരിശുരൂപത്തെ നോക്കി "എന്റെ ഔശോയെ നീ എന്നെ കൈവിടല്ലെ" എന്നു ശപഥം കഴിച്ചു പറഞ്ഞതും ഇഹലോകവാസം വെടിഞ്ഞതും ഒരു മാത്രയിൽ കഴിഞ്ഞു. ഞാൻ വാച്ചിലേക്കു നോക്കിയപ്പോൾ മണി പന്ത്രണ്ടായിരുന്നു.

ഹനാൻവെള്ളം മൂലമുണ്ടായ ഒരു സംഭവമാണു മുകളിൽ പ്രസ്താവിച്ചതു്. നമ്മുടെ ആളുകളിൽ ഹനാൻവെള്ളത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുന്നവർ ഏറ്റവും കുറവാണു. വെള്ളത്തെ ആശീർവദിക്കുമ്പോൾ തിരുസ്സഭയുടെ നാമത്തിലും, അധികാരത്തിലും പുരോഹിതൻ ചെയ്യുന്ന പ്രാർത്ഥനകൾ ദൈവസന്നിധിയിൽ പ്രാപിച്ചു നമുക്കു ആത്മികമായും ലൗകികമായും അനേക അനുഗ്രഹങ്ങൾ ലഭിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഹനാൻവെള്ളം ഒരു ദിവ്യസ്വത്തായി കരുതേണ്ടതാണ്. എന്നാൽ ഇങ്ങനെ പവിത്രമായ ജലം സംഭരിച്ചു വയ്ക്കുന്ന കുടുംബങ്ങൾ വിരുതരേ കുറുക്കും. നമ്മുടെ പ്രാർത്ഥനാമുറികളിൽ പ്രത്യേകമായി ഈ രീതിയിലെ വസ്തുക്കൾ കൂട്ടമായിട്ടുള്ള പ്രാർത്ഥനകൾക്കു മുൻപ് ഭക്തിയോടുകൂടി അതിനെ ഉപയോഗിക്കയും ചെയ്യുന്നതു എറ്റവും സ്തുത്യർഹമത്രെ. ആകയാൽ ആത്മികവും, ലൗകികവുമായ നന്മകളെ പ്രദാനം ചെയ്യുന്ന ഈ പരിശുദ്ധ ജലത്തെപ്പറ്റി കൂടുതൽ ഭക്തിയും ആദരവും നമ്മുടെ ഇടയിൽ ഉണ്ടാകട്ടെ എന്നാശംസിച്ചുകൊള്ളുന്നു.

ഭൂർദിലെ അറിശയങ്ങൾ.

(പ്രഹസനം)

(ശ്രീമാൻ കുഞ്ഞനായർ കെ. എ. സിബ്യാസ്റ്റ്യൻ)

ഒന്നാം രംഗം.

(തുർവാരപിഡിതയായ പുത്രിയെ കർശരിക്കാ രോഗശയ്യയിലും മകൾ മോനിക്കാ സമീപത്തും ആയി സ്ഥിതിചെയ്യുന്നു.)

മർശീത:— ഹാ! ജഗദീശപരീ!

(ഗീതം— ഡിൻഡിഗൽ ജാനകി or തുടിതുടിപ്പുപോൽ എ. മ.)

1. സപ്തപീഡാരണീ! സൗഖ്യദിനേശ്വരൻ മാർഗ്ഗമാം താരകമേ!
നിന്നടെ പാദഭക്തയാപീഡനോരെന്ന നീ കൈവെടിഞ്ഞതാ?

2. ഘോരമാപീഡന രോഗമതിനാലെ പാരംവലയുന്നു ഞാൻ
മദ്യപാനംമൂലം മൽപ്രാണനായകൻ നിത്യനാശത്തിലുമായ്

3. ആശ്രയമൊരാശ്രയമില്ലാതെയെന്മകൾ പാപിൽവസിച്ചീടുന്നു,
ക്ലേശങ്ങളെല്ലാം തീർത്തു നീ ഞങ്ങൾക്കിങ്ങാശ്ലിസ്സുരുളേണമേ!

ഹാ! ജഗദീശപരാ! ഇനിയെങ്കിലും തീർന്നാ പാപിഷ്ഠയ ദേഹിയെ ഈ മായാസമുദ്രത്തിലിട്ടു കഷ്ടപ്പെടുത്താതെ അങ്ങു സ്വീകരിക്കേണേ!

മോനിക്കാ:— അമ്മേ! അമ്മ ഇപ്രകാരം വ്യസനിക്കാതിരിക്കണം.

(ഗീതം— മത്താഡ എന്ന മട്ട്)

ആശ പിച്ചീടേണമേ! മൽപ്രിയതായേ!—ആശ.

1. ക്ലേശങ്ങളിവിലവും ശാശ്വതൻ സകലേശൻ
ആശയേപോലെ ഭീവാക്കി, യാശ്ലിസ്സുനൽകിടുമേ ആശ!

2. ഈശോകുരിശുകളാകെനശ്വരമാണെ-
ന്നാലോചിച്ചിടുന്നെങ്കിലാശ്വാസമേവെളിവാകും ആശ്വ.

3. കാരുണ്യവാരിധിയാമേശുവിൻപദതാരിൽ
ഘോരമാംകുരിശുകൾ കാഴ്ചയായ് വച്ചിടുക ആശ്വ.

മർഗ്ഗ:— മകളേ! എനിക്കു എന്റെ രോഗത്തെക്കുറിച്ചു സങ്കടമില്ല. എന്നാൽ നിന്റെ പ്രിയപിതാവിന്റെ ഉന്നതകുലത്തെക്കുറിച്ചു വിചാരിക്കുമ്പോൾ എന്റെ ഹൃദയം തകർന്നുപോകുന്നു.

മോനി:— അമ്മേ! അമ്മ അതേസംബന്ധിച്ചു വിചാരിച്ചു വ്യസനിക്കേണമെന്നില്ല. എന്തെന്നാൽ സർവ്വശക്തനായ ദൈവത്തിനു് അപ്പച്ചനെ ഈ അത്യന്തസ്ഥിതിൽനിന്നും രക്ഷിക്കുന്നതിനു കഴിവില്ലെന്നു വരുമോ?

മർഗ്ഗ:— മകളേ! നിന്റെ ആശ്വാസവചനങ്ങൾ കേൾക്കുംതോറും എന്റെ ഹൃദയാസ്വാസ്ഥ്യം കൂടുകൊണ്ടുതന്നെ വരുന്നു. ഇങ്ങനെയുള്ള സൽസന്താനങ്ങളെ കണ്ടുകൊണ്ടു മരിക്കുന്നതിൽപരം സന്തോഷം പിന്നെ എന്താണുള്ളതു്.

(അനന്തരം ഒരു ഡോക്ടരും ചില പരിചാരകന്മാരും പ്രവേശിക്കുന്നു.)

ഡാക്ടർ:— എന്താ! രോഗിക്കു യാതൊരു സുഖവുമില്ലേ!

മോനി:— പറയത്തക്ക ഗുണമൊന്നും കാണുന്നില്ല.

ഡാക്ടർ:— (രോഗിയുടെ നാടി പരിശോധിച്ചു ഇമ്പാഭംഗത്തോടെ)
ഈ മരുന്നു കുറേനേരം ഇടവിട്ടു കൊടുക്കണം. (മരുന്നു കൊടുത്തിട്ടു മോനിക്കയോടു രഹസ്യമായി) രോഗത്തിനു ഒരു ശമനവും കാണുന്നില്ല.. ഇനി സുഖപ്പെടുമെന്നു എനിക്കു ആശയില്ല. അതിനാൽ നിങ്ങളുടെ മുറപ്രകാരമുള്ള അന്ത്യകർമ്മങ്ങൾ എല്ലാം ചെയ്യിക്കുന്നതിനു താമസിക്കേണ്ട.

(ഡാക്ടരും പരിചാരകരും പോയി.)

മർഗ്ഗ:— മകളേ! ഡോക്ടരുടെ ഭാവംകണ്ടിട്ടു എന്റെ രോഗം മനുഷ്യശക്തിയാൽ ഭേദപ്പെടുമെന്നു എനിക്കു ആശയില്ല.

ദൈവം തരുന്ന ഇഷ്ടപ്രസാദം നമുടെ സ്വാതന്ത്ര്യത്തെ നാശിപ്പിക്കുന്നില്ല.

മോനി:— അമ്മേ! അമ്മ ഒന്നുകൊണ്ടും അധൈര്യപ്പെടേണ്ട. മനുഷ്യശക്തിക്കു അപ്പുറമായ എത്രയോ കാര്യങ്ങളാണ് ദൈവികശക്തിയാൽ നിഷ്പ്രയാസം സാധിച്ചുകൊണ്ടുവരുന്നതു്. അതിനാൽ എനിക്കുള്ള ഒരു ആഗ്രഹത്തെ ഞാൻ അമ്മയോടു പറയാം— ഇയ്യിട ഇവിടെനിന്നും ഒരു ചെറിയ തീർത്ഥസംഘം ലൂർദ്മാതാവിന്റെ സന്നിധിയിലേക്കു പോകുന്നുണ്ട്. അവരോടൊന്നിച്ചു നാംകൂടി പോയാൽ തീർച്ചയായും അമ്മയുടെ സുഖക്കേടു ഭേദമാകുമെന്നാണ് എന്റെ അഭിപ്രായം.

മർഗ:— മകളെ! ഇക്കാര്യം ഞാൻ വളരെനാളായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതുതന്നെയാണ്. പക്ഷേ നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയും നിന്റെ അപ്പച്ചന്റെ സ്വഭാവഗതിയും ആലോചിച്ചുനോക്കുമ്പോൾ ഇതു് സാധിക്കുന്ന കാര്യമാണോ എന്നതേ എനിക്കു സംശയമുള്ളൂ.

മോനി:— അമ്മേ! അപ്പച്ചൻ വരുമ്പോൾ ഞാൻ ഇതേസംബന്ധിച്ചു കുറെ പറഞ്ഞുനോക്കാം. ദൈവജനനിയായ പരിശുദ്ധമറിയം നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചു തരാതിരിക്കുമോ?

(അന്നിയപ്പയിൽ പീറക്കയും തുപ്പുകയും മറ്റും ചെയ്യുന്ന ശബ്ദം കേൾക്കുന്നു)

മോനി:— അല്ല! അപ്പച്ചൻ ഇതാവരുന്നു.

(അനന്തരം മോനിക്കുട്ടിയുടെ പിതാവായ പൂത്തറയിൽ മാത്തൻ കള്ളുകുടിച്ചു മത്തനായി പ്രവേശിക്കുന്നു)

മാത്തൻ:— (പാട്ട്— പച്ചമരുതെ എന്ന മട്ട്)

കള്ളുകുടിച്ചുള്ളതെല്ലി-ഞ്ഞുള്ളതൊന്നി—ന്നാരെ
എള്ളിനോളം-പോലുമിന്നു-കൂട്ടാക്കിടാ—ഞള്ള
പള്ളിതന്നിൽ-കള്ളുമെല്ലാം-പൊല്ലിനട—ന്നീടും
പുള്ളികളെ-പുല്ലുപോലെ-തള്ളിടുന്നു—ഞാനും.

എന്തെല്ലാമായാലും പൂത്തറെ മാത്തൻ ഇന്നു പിടിച്ചിലൊന്നും അകപ്പെടുന്നവനല്ല. നോക്കണേ! സാധുക്കടെ പണം പിടുങ്ങാനുള്ള പണി. കള്ളുകുടിക്കുന്നവരെ സ്വർഗ്ഗത്തിൽ കേറ്റുകേല പോലും. കള്ളിന്റെ മണം ദൈവത്തിനു് അത്ര പിടിക്കുമില്ലായിരിക്കാം. എന്നാൽ പൂർവ്വപിതാക്കന്മാർ കള്ളുകുടിച്ചു മദിച്ചു നടന്നതെന്തിനാ? പമ്പര—ഇയ

നമുക്കു ഇഷ്ടംപോലെ അതു സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാം.

പുത്തൻപരേശീകം! അല്ല!! ഇതെന്താണീ കേൾക്കുന്നത്?
(മറക്കു) ആരെടീ അവിടെ ഞരങ്ങുകയും മൂളുകയും ചെയ്യുന്നത്?

മോനി:— അപ്പച്ചാ! അമ്മച്ചിയുടെ സുഖക്കേടിനു യാതൊരു കുറവുമില്ല. ഡോക്ടർവന്നു മില മരുന്നുകൊടുത്തുപോയി.

മാത്തൻ:— അതിനു ഞാനെന്തുവേണമെടീ?

മോനി:— അമ്മച്ചിയുടെ സുഖക്കേടു ഭേദമാകാൻ ഞാനൊരു നേർച്ച നേർന്നിട്ടുണ്ട്.

മാത്ത:— എന്തുനേർച്ച?

മോനി:— ലൂർദ്ദിലേക്കു ഒരു തീർത്ഥയാത്ര പോകാമെന്നു്.

മാത്ത:— പോടീ! പോ — അതൊക്കുന്ന കാര്യ്യമാ?

മോനി:— അപ്പച്ചൻ ഒന്നുംമെയ്യേണ്ട; ഞാൻ കാര്യ്യങ്ങളൊക്കെ സാധിച്ചുകൊള്ളാം. അപ്പച്ചൻക്കുടി ഞങ്ങളോടൊരുമിച്ചു വന്നാൽമതി.

മാത്ത:— ആട്ട! പോകുംവഴി, നല്ല ബ്രാണ്ടിയും വീഞ്ഞും മറ്റും കിട്ടുമോ?

മോനി:— അപ്പച്ചാ! ലൂർദ്ദിലെ വീഞ്ഞു ആരെയും ലഹരിപിടിപ്പിക്കുന്നതാണു്.

മാത്ത:— ആണ്ഹാ! എന്നാൽ പൊയ്ക്കളയാം. (കർട്ടൻ വീഴുന്നു.)

രണ്ടാം രംഗം.

ലൂർദ്ദ് മാതാവിന്റെ കപ്പേള.

(മാതാവിന്റെ സഹായത്താൽ രോഗശാന്തി ഉണ്ടായിട്ടുള്ള പലർകൂടി)

(ഗീതം — അടിയന്റെ എന്നമ്മേ.)

1. ജന്മപാപമോലുമേശാതിമ്മഹിയിലീശൻ ഭൂജിസ്സാൽ-
നിർമ്മലയായ്-ജാതയായ-മാമരിയെ-സ്തോത്രം സ്തോത്രം

2. വിണ്ണിനധിപതിയാകും-ഉണ്ണിയീശോയോടുകൂടി
പൂർണ്ണമോദം-ലാലസിച്ച-മാമരിയെ-സ്തോത്രം സ്തോത്രം

3. സങ്കടമാം കടൽനാട്ടു-വിങ്കലലഞ്ഞീടുന്നോരെ
ശങ്കയെന്യേ-പാലിച്ചീടും-മാമരിയെ-സ്തോത്രം സ്തോത്രം

4. ഘോരമായമാകെന്നീകി-പാരം സുഖമരുളിയ
കാരുണ്യവാ-രാശിയാകും-മാമരിയെ! സ്തോത്രം സ്തോത്രം.

ഇഷ്ടപ്രസാദം സ്വീകരിച്ചാൽ നാമുടെ അമ്മ പ്രസന്നരായിരിക്കും.

(അനന്തരം തിരുസന്നിധിയിൽ പരമഭക്തരായിരിക്കുന്ന രോഗികൾ പ്രവേശിക്കുന്നു. ഉടൻതന്നെ മർഗരീത്തിനെ എടുത്തുകൊണ്ടു മാത്തനും വേറെ മിലതും മോനിക്കയും മറ്റും പ്രവേശിക്കയും, എല്ലാവരുംകൂടി അത്ഭുതജലത്തിൽ സ്നാനംചെയ്കയും, മർഗരീത്തും മറ്റും അത്ഭുതകരമായവിധം സുഖംപ്രാപിക്കയും ചെയ്യുന്നു. മാത്തൻ അത്ഭുതപ്രവേശനായി സ്ഥിതിചെയ്യുന്നു.)

(ഈ രോഗികൾ പ്രവേശിക്കുന്നു.)

വൈദി:— ദൈവജനനിയായ പരിശുദ്ധ മറിയത്തിന്റെ കാരുണ്യത്താൽ, സപ്തപുണ്യപുരുഷന്മാരുടെ മഹാദോഹികളായിരുന്ന നിങ്ങൾ ഇപ്പോൾ അത്ഭുതകരമായവിധം പൂർണ്ണസുഖം പ്രാപിച്ചിരിക്കുന്നു. ഈ അമ്മയുടെ സഹായത്താൽ മനുഷ്യർക്കു നിത്യഭാഗ്യപ്രദമായും, ലൌകികമായും സിദ്ധിച്ചുകൊണ്ടിരിക്കുന്ന നന്മകൾ അവർണ്ണനീയങ്ങളാണ്. അതിനാൽ നിങ്ങൾ എപ്പോഴും ഈ അമ്മയിൽ ഭക്തിയുള്ളവരായിരിക്കണമെന്നു ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. അതിനാൽ ഇനി നിങ്ങൾക്കു അവരവരുടെ വസതികളിലേക്കു പൊയ്ക്കൊള്ളാം.

(വൈദികനും, മാതാവും, മർഗരീത്തും, മോനിക്കയും ഒഴിച്ചു ബാക്കിയുള്ളവരെല്ലാം പോയി.)

മാത്തൻ:— (അത്ഭുതങ്ങൾകണ്ടു മനംകുളുങ്ങി തൊഴിയ്ക്കൽ കാല്ക്കൽവീഴുന്നു.)

വൈദി:— മകനേ! എഴുന്നേല്ക്കുക.

മാത്തൻ:— (എഴുന്നേറ്റു വൈദികനോടു) പിതാവെ, ഈ ലോകത്തിലുള്ള സർവ്വപാപങ്ങളും ചെയ്ത മഹാപാപിയായി ജീവിച്ചിരുന്ന എന്റെ അതിദീനനയനങ്ങൾ ദൈവജനനിയായ ഈ അമ്മ ഇതാ തുറപ്പിച്ചിരിക്കുന്നു. ഇനിമേലാൽ കർത്താവിന്റെ സഭയുടെ ഉപദേശങ്ങൾ കണ്ണാടിപോലും, ലവലേശം വ്യതിചലിക്കാതെ ഒരു ഉത്തമകർത്താവിനെപ്പോലെ ഞാൻ എന്റെ ബാക്കിജീവിതം കഴിച്ചുകൊള്ളുമെന്നു ഉദാരപ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

വൈദി— മകനേ! സർവ്വേശ്വരൻ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. കൂട്ടത്തിൽനിന്നും പിരിഞ്ഞുപോയ കുഞ്ഞാടുകൾ പിന്നെയും വന്നുചേരുന്നതു് അതിന്റെ ഉടമസ്ഥന് എപ്രകാരമോ സന്തോഷകരമായിരിക്കും.

ഈ പ്രസംഗം ഉപയോഗിപ്പാൻ നാടകം അത്ര പോഷകമായിരിക്കും.

മർഗ:— പിതാവെ! എന്നെറയും എന്നെറ ഈ മകളുടേയും അപേക്ഷക ൾ സകലതും ദൈവജനനിയായ ഈ അമ്മ ഇപ്പോൾ സാധിച്ചു ത ന്നിരിക്കുന്നു.

വൈദി:— മകളെ! ദൈവമാതാവിനോട് അപേക്ഷിക്കുന്ന യാതൊരുത്ത ന്നെറ എങ്കിലും അപേക്ഷയെ ഈയമ്മ ഉപേക്ഷിച്ചിട്ടില്ലെന്നുള്ളതിനു് ഇവിടെ (ലൂർദ്ദിൽ) നിമിഷംപ്രതി സംഭവിച്ചുകൊണ്ടിരിക്കുന്ന അത്യ ത്ഭുതകരമായ സംഭവങ്ങൾ പ്രത്യക്ഷസാക്ഷ്യങ്ങളാണു്. അതിനാൽ നിങ്ങൾക്കു ഈ ഉപകാരം ചെയ്ത സ്വർഗ്ഗീയറാണിയെ ആരാധിക്കാം.

(എല്ലാവരും മുട്ടിന്മേൽനിന്നു.)

(ഗീതം— ആണ്ടിപണ്ടാരം എന്നമട്ടു.)

1. സ്വസ്തി ഉര ചെയ്യുന്നു ദൈവജനനീ! സാദരം
ഘോരമായുള്ളതെല്ലാം പാരാതകറിയിറ്ററ്റം
കാരുണ്യമോടുകൂടി കാത്തുരക്ഷിച്ചനാഥേ സ്വസ്തി.

2. സംസാരസാഗരത്തിൽ വീണുപലവിധത്തിൽ
ക്ലേശംസഹിച്ചീടുന്നോ ക്കാശ്വാസദായകിയെ സ്വസ്തി.

3. താരംമകുടമായും, ഭാസ്കരനാടയായും
പാരംവിളങ്ങിടുന്ന ശ്രീലോകത്തിൻറെറാണീ സ്വസ്തി.

(എല്ലാവരും എഴുനേറ്റു.)

മാത്തൻ:— പിതാവെ! എന്നാൽ ഇനി ഞങ്ങൾ പോകട്ടോ?

വൈദി:— എന്നാൽ അപ്രകാരമാകാം. നിങ്ങളെ ഓരോരുത്തരേയും ദൈ വം അനുഗ്രഹിക്കട്ടെ.

(വൈദികൻറെ കൈമുത്തിയശേഷം എല്ലാവരും പോയി.)

സമാപ്തം.



ഒരിക്കലും മടിയായിരിക്കരുതു്. വായിക്കയോ, എഴുതുകയോ, ധ്യാനി ക്കയോ, മറേതെങ്കിലും സൽപ്രവൃത്തിയിൽ മുഴുപ്പെട്ടോ ഇരിക്കാൻ ശ്രദ്ധി ക്കണം.

ഒരു വൃദ്ധയായ കന്യാസ്ത്രീ.

ഒരു വൈദികൻ ഒരു ഇംഗ്ലീഷ് മാസികയിൽ എഴുതിയിരുന്നതു്.

(സ. കൊ. ത്രൈ.)

ഏകദേശം ഇരുപതു കൊല്ലം മുമ്പു കീത്തിയേറിയ ഒരു ഇടവകയിൽ പെട്ട കന്യകാശ്രമത്തിൽ വൃദ്ധയായ ഒരു കന്യാസ്ത്രീ ജീവിച്ചിരുന്നു. ആൾ തീരെ പൊക്കം കുറഞ്ഞതാണു്. ദേഹം നന്നാ ശോഷിച്ചും, മുഖം പ്രായാധിക്യത്താൽ മുങ്ങിച്ചുളുങ്ങിയും ഇരിക്കുന്നു. പല്ല ഒന്നുപോലും ശേഷിച്ചിട്ടില്ല. നടക്കുമ്പോൾ തലക്കു സ്വല്പം വിറയലുമുണ്ടു്. കൈയും വീശി, തന്നത്താൻ മിലതൊക്കെ പതുക്കെ പറഞ്ഞുകൊണ്ടേ നടക്കാറുള്ളു. മഠംവക വിദ്യാലയത്തിലുള്ള തീരെ ചെറിയ കുട്ടികളെ വേദോപദേശം പഠിപ്പിച്ചിരുന്നതല്ലാതെ ഗണ്യമായ വേറെ ജോലികളൊന്നും ചെയ്തിരുന്നില്ല. ബാക്കിയുള്ള നേരമെല്ലാം കപ്പേളയിലും സങ്കീർത്തിയിലും ആയി മിലവഴിച്ചിരുന്നു. സങ്കീർത്തിജോലി ചെയ്യാൻ യുവതിയായ ഒരു കന്യാസ്ത്രീയെയാണു് എപ്പോഴും നിയോഗിച്ചിരുന്നതു്. എങ്കിലും നമ്മുടെ വൃദ്ധക്കു ഈ ജോലിയിൽ ദീർഘകാലത്തെ പരിചയം ഉണ്ടായിരുന്നതുകൊണ്ടു സങ്കീർത്തിജോലിയിൽ വേണ്ട സഹായങ്ങൾ ചെയ്തുകൊടുപ്പാൻ അനുവദിച്ചിരുന്നു. ഇവരാകട്ടെ ഒരു വലിയ സംശയക്കാരിയാണു്. മറ്റുള്ളവർക്കൊക്കെ ഇവരെപ്പറ്റി ഒരുവിധ പുച്ഛവും പരിഹാസവും ആയിരുന്നു. എന്തുചെയ്താലും ദോഷമായി, എന്നാണല്ലൊ സംശയക്കാരുടെ വിചാരം. അൾത്താരയിലുള്ള തിരികളിൽ ഒന്നു അല്പം വീണ്ടും വെന്തതാ കൂടിയോ ഇരിക്കുന്നു കണ്ടാൽമതി, പരിശ്രമത്തിനു പിന്നെ അധികമൊന്നും വേണ്ട. പരിശുദ്ധ കുമ്പാനയുടെ സന്നിധിയിൽകൂടെ കടന്നുപോകുന്ന അവസരത്തിൽ ആചാരം ചെയ്തതു വേണ്ടവണ്ണമോ തോടെ ആയില്ലെന്നു പള്ളിയിൽ നിന്നു പുറത്തിറങ്ങിയ ശേഷം തോന്നിയാൽ, തിരിയെ പള്ളിയകത്തു കയറി വീണ്ടും ആചാരം ചെയ്യാതെ മറ്റൊരു ജോലിക്കു പോകയില്ല. പോകയാണെങ്കിൽ കുമ്പസാരിക്കുന്നതുവരെ സമാധാനക്കേടായി കഴിക്കും. വല്ലവരോടും ഉപവിക്കുറവായോ ഉപചാരക്കേടായോ സംസാരിച്ചു എന്നു തോന്നിയാൽ അവരോടു ക്ഷമായാചനം ചെയ്യുന്നതിനായി അന്നുമുഴുവൻ അവരുടെ പിന്നാലെ നടക്കും. എന്തിനേറെ പറയുന്നു, സംശയമെന്ന ഈ മഹാവ്യാധി അവരെ എന്നുമാത്രം പീഡിപ്പിച്ചിരുന്നു എന്നു ഊഹിപ്പാൻ തന്നെ വഹ്യാ.

ചാവുദോഷം ചെയ്യുമ്പോൾ അതു നമ്മുടെ പിടിയും ചെയ്യുന്നു.

ഈ ആശ്രമത്തിന്റെ മേലദ്ധ്യക്ഷൻ ആ ഇടവകയിലെ വികാരി തന്നെയായിരുന്നു. അദ്ദേഹം മഹാ യോഗ്യനായ ഒരു പട്ടക്കാരനാണ്. അദ്ദേഹത്തിന്റെ സ്ഥിരപരിശ്രമത്തിന്റെ ഫലമായി ആ ഇടവക ദിനം പ്രതി അഭിവൃദ്ധി പ്രാപിച്ചു വന്നു. അനേകതരം ഭക്തസഭകളും സഘ്യത കളും എടുപ്പിച്ചുണ്ടാക്കി, തന്റെ ഇടവകക്കാരെയെല്ലാം മാതൃകാ കത്തോലിക്ക രാക്കിത്തീർക്കുന്നതിനു സദാ ആക്ഷീണപരിശ്രമം ചെയ്തുപോന്നിരുന്നതിനാൽ അദ്ദേഹത്തിന്റെ പേരിൽ എല്ലവർക്കും വലിയ ബഹുമാനമായിരുന്നു. എന്നു മാത്രമല്ല അദ്ദേഹത്തിന്റെ സമകാലികനായി ഇത്രയോഗ്യനായ വേറൊരു പട്ടക്കാരൻ ഇല്ലായിരുന്നു എന്നുതന്നെ പറയാം. ഈ വൈദികൻ ക്രമേണ നമ്മുടെ വൃദ്ധസന്ന്യാസിനിയെ കളിയാക്കുകയും ദ്വേഷിക്കുകയും ചെയ്തിരുന്നതാണ് അത്ഭുതം. അദ്ദേഹം കുമ്പസാരം കൊള്ളാൻ വന്നാൽ ഒരു ദിവസമെങ്കിലും അവരോട് ദ്വേഷ്യപ്പെടാതെ പോകാറില്ല. കുമ്പസാരക്കൂട്ടായം മാറിവെച്ചിരുന്നു, തിരികത്തിക്കാൻ താമസംവരുത്തി, ധൂമക്കുറിയിൽ തീയുണ്ടായിരുന്നില്ല, വീഞ്ഞിൽ കുരുടുണ്ടായിരുന്നു, എന്നിങ്ങിനെ ഓരോ കാരണങ്ങൾപറഞ്ഞു പള്ളിയിൽവെച്ചുതന്നെ ശകാരിക്കും. പക്ഷേ ഇതു കൊണ്ടൊന്നും ആ കന്യാസ്ത്രീക്കു വലിയ വല്ലായ്മ ഉണ്ടായിട്ടില്ല. കൊടിയ സംശയക്കാരിയായിരുന്നതുകൊണ്ടു ക്രമേണ കുമ്പസാരിക്കണമെന്നും പറഞ്ഞു അച്ചന്റെ അടുക്കൽ ചെല്ലും. അദ്ദേഹമാകട്ടെ പലപ്പോഴും ശകാരം കൊണ്ടു കായ്ക്കു കഴിക്കയല്ലാതെ കുമ്പസാരക്രമത്തിൽഇരുന്നു അവരുടെ സംശയം കേൾക്കുന്നതിനു സമ്മതിക്കാറില്ല. ഇതായിരുന്നു അവരുടെ പ്രാണസങ്കടം. ഇങ്ങിനെ ഇരിക്കെ ഒരുദിവസം അവർക്കു ഒരു വലിയ സംശയം ഉണ്ടായി. മനോവിഷാദംനിമിത്തം ഒന്നുംചെയ്യാൻ നിവൃത്തിയില്ലാതെ എത്ര ദുഃഖം അനുഭവിച്ചു എന്നു 'സംശയം' എന്ന രോഗം ബാധിച്ചിട്ടുള്ളവർക്കേ ഗ്രഹിക്കാൻ കഴികയുള്ളൂ. അന്നു വൈകുന്നേരം അഞ്ചുമണിയോടു കൂടി വികാരിഅച്ചൻ മഠത്തിൽ ചെന്നിരുന്നു. നല്ല അവസരം എന്നുകരുതി ഈ വൃദ്ധ കുമ്പസാരിക്കുവാൻ ഒരുങ്ങി. അച്ചനോടു പറഞ്ഞപ്പോൾ അദ്ദേഹം ഉഗ്രമായി കോപിച്ചു പതിവിലധികമായി ശകാരിക്കയുണ്ടായി. ശകാരം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ കോപിപ്പിച്ചതിനു ക്ഷമായാചനംചെയ്യാൻ അദ്ദേഹത്തിന്റെ പാദത്തിങ്കൽ മുട്ടുകുത്തി. എങ്കിലും സന്തോഷസൂചകമായ ഒരു വാക്കുപോലും അവരോടു പറയാതെ ആ വൈദികൻ പള്ളിയിലേക്കുപോയി.

---

* സ്ഥിരമായ ഇഷ്ടപ്രകാരത്തോടു നമ്മുടെ വൈമകളായിത്തീരുന്നു.

രണ്ടുദിവസം കൊണ്ടുതന്നെ ഞങ്ങൾ തമ്മിൽ നല്ല പരിചയമായി. വിശ്രമിക്കുന്ന സമയത്തെല്ലാം ഞാൻ അവരുടെ ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നു. അവരുടെ ഫോട്ടോകൾ എടുക്കുന്നതിനും ഞാൻ ശ്രമിച്ചു. പക്ഷേ, അവർ അതിനു സമ്മതിച്ചില്ല. ഞാൻ വരച്ച ചിത്രങ്ങൾ കണ്ടപ്പോൾ അവർക്കു വലിയ സന്തോഷമായി. അവർ അവയിൽ ചിലതിനെ ഒരു പുസ്തകത്തിൽ ഒട്ടിച്ചുവച്ചു. ഞാൻ അവരുടെ ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നപ്പോൾ അവർ ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. അവരുടെ ഭാഷ എനിക്കു മനസ്സിലാകുന്നില്ലെങ്കിലും അവർ പറയുന്നതിന്റെ ഭാവം എനിക്കു മനസ്സിലാകുമായിരുന്നു. അവർ പറയുന്നതിനെ ഞാൻ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തു പറയുമ്പോൾ അവർ ചിരിക്കുമായിരുന്നു. അവരുടെ ചിരിയിൽ ഞാനും പങ്കുചേരുമായിരുന്നു. ഞാൻ അവരുടെ ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നപ്പോൾ അവർ പരസ്പരം ചിരിച്ചുകൊണ്ടിരുന്നു. അവരുടെ ചിരിയുടെ അർത്ഥം എനിക്കു മനസ്സിലായില്ല. അവർ ചിരിച്ചതിനെ ഞാൻ ചിരിച്ചുകൊണ്ടു സ്വീകരിച്ചു. അവർ ചിരിച്ചതിനെ ഞാൻ ചിരിച്ചുകൊണ്ടു സ്വീകരിച്ചതിനെ അവർ ചിരിച്ചുകൊണ്ടു സ്വീകരിച്ചു. ഞാൻ ചിരിച്ചതിനെ അവർ ചിരിച്ചുകൊണ്ടു സ്വീകരിച്ചതിനെ ഞാൻ ചിരിച്ചുകൊണ്ടു സ്വീകരിച്ചു. ഇങ്ങനെ ചിരിയുടെ ഒരു പരമ്പരതന്നെ ഉണ്ടായി. ഞാൻ ചിരിച്ചതിനെ അവർ ചിരിച്ചുകൊണ്ടു സ്വീകരിച്ചതിനെ ഞാൻ ചിരിച്ചുകൊണ്ടു സ്വീക

ക്കോട്ട നോക്കി. മുമ്പു അവിടെ പ്രത്യക്ഷയായിരുന്ന കന്യക പെട്ടെന്നു മറഞ്ഞതായി കണ്ടു. അസാധാരണയായ അന്നത്തെ ഈ സംഭവം എന്നെ വല്ലാതെ ക്ഷോഭിപ്പിച്ചു എന്നു പറയേണമെന്നില്ലല്ലൊ. ആശ്ചര്യഭരിതനായി ഞാൻ പള്ളിമേൽത്തുനിന്നു പറന്നിറങ്ങി.

ഈ സംഭവംകഴിഞ്ഞു പിറേറദിവസംതന്നെ നമ്മുടെ ചരിത്രനായികയായ വൃദ്ധ ഇഹലോകവാസം വെടിഞ്ഞു. പ്രേതത്തെ സംസ്കരിക്കാൻ കൊണ്ടുപോകുന്നതിനുമുമ്പു പുഷ്പങ്ങൾകൊണ്ടും മറവും അലങ്കരിച്ചു. എങ്കിലും അവരുടെ മരണത്തെക്കുറിച്ചു പരിതപിക്കുന്നതിനും സംസ്കാരകർമ്മങ്ങൾ മോഷമായി കഴിക്കുന്നതിനും ആരും ഉണ്ടായിരുന്നില്ല. അന്നുതന്നെ വൈകുന്നേരം നാലരമണിയോടുകൂടി ശവസംസ്കാരവുംകഴിഞ്ഞു. കൂടിയിരുന്നവരെല്ലാം ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയുള്ള 'മിൻഉമ് ക്കാ' എന്ന പ്രാർത്ഥന കഴിക്കുന്നതിനുമുമ്പു ഒരു വൈദികൻ സഭ്യവാസികളെ വാഴ്ത്തുന്ന 'ലാകുആലാഹാ' എന്ന സ്തോത്രഗീതം പാടിക്കൊണ്ടിരുന്നു. തലേദിവസം വൈകുന്നേരം പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അർത്താരയുടെ സമീപം തേജസ്സേറുന്നപിണിയായ ഒരു കന്യകയെ കാണുന്നതിനിടയായ ഞാൻ തന്നെയാണു ഇപ്പോൾ ഈ ദുഃഖാവസരത്തിൽ സന്തോഷത്തിന്റെ പാട്ടപാടിയിരുന്നതു്. എനിക്കുണ്ടായ ദർശനത്തിന്റെ രഹസ്യം ഇപ്പോഴാണു് എനിക്കു മനസ്സിലായതു്. എല്ലാവരും പരിഹാസപാത്രമായി കരുതിയിരുന്ന ആ വൃദ്ധസന്ന്യാസിനി ദൈവത്തിങ്കൽനിന്നും ഏറ്റവും പ്രസാദിച്ചവളായിരുന്നു. തന്റെ ആത്മിക മണവാളന്റെ സന്തോഷംമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കയും അവിടത്തൊന്നിച്ചു ചേരുന്ന നാഴിക തീണ്ണതയോടെ പ്രതീക്ഷിക്കയും ചെയ്തുകൊണ്ടു കാലം കഴിച്ചുപോന്ന നിർമ്മലയായ ആ കന്യകക്കു് സഭ്യത്തിൽ ഒരുകിയിരുന്ന ഉന്നത ഭാഗ്യത്തിന്റെ ഏതാണ്ടൊരു പ്രതിബിംബം മാത്രമായിരുന്ന ആ ദേഹവിയോഗം ഞാൻ കണ്ടു കാഴ്ച. ഈ രഹസ്യം വേറെ ആരും മനസ്സിലായതുമില്ല.

ഈ കന്യാസ്ത്രീയുടെ മരണശേഷം എന്റെ താമസിയാതെതന്നെ ആ ഇടവകയുടെ സ്ഥിതി വളരെ മോശമായി. ജനങ്ങൾതമ്മിൽ കലഹവും സഭ്യതാംഗങ്ങൾ തമ്മിൽ ഭിന്നിപ്പും തുടങ്ങി. വികാരിഅച്ചന്റെ പ്രസംഗസാമർത്ഥ്യവും ആജ്ഞാശക്തിയും ഒന്നും ഫലിക്കാതെയായി. തന്നിമിത്തം അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കും വലിയ ഹാനിതട്ടി. ഇതു പെട്ടെന്നു

സ്ഥിരമായ ഇഴുപ്പുസാദരത്താൽ നമ്മൾ സഭ്യത്തിനു അവകാശികളാകുന്നു.

ഇങ്ങനെ പരിതാപകരമായ ഒരു മാറ്റം സംഭവിക്കാൻ കാരണമെന്തായിരിക്കാം? ആ ഏടുവകകളുവേണ്ടി ഇടവിടാതെ എരിവുള്ള ജപങ്ങൾചെയ്തു ദൈവസഹായം അപേക്ഷിക്കുന്നതിനു അവിടെ അപ്പോൾ ആരും ഇല്ലാഞ്ഞിട്ടതന്നെ, സംശയമില്ല. മനുഷ്യദൃഷ്ടിയിൽ സ്തുത്യർഹമായ യാതൊരു പ്രവൃത്തിയും ചെയ്യാതെ ഏകാന്തവും ധ്യാനവുമായി ദൈവത്തോടു ഐക്യപ്പെട്ടു ജീവിക്കുന്ന സന്ന്യാസവ്രതക്കാർമൂലം ലോകത്തിനു സിദ്ധിക്കുന്ന ഉപകാരം ആരറിയുന്നു!

മേരീമണാളകീർത്തനം.

ദിവ്യശ്രീ എൽ. ജെ. ദേ. മാവുങ്കൽ.

("അമ്പികപാലനെ" or "കന്നിമറിയമെ" എന്ന മട്ടു.)

മേരീ മണാളനെ! യേശുവിൻ പാലനെ! നാഥാ!
യൌസേപ്പെ! എൻ താതാ! — മേരീ.

നീതിഭാനോ! രാജസൂനോ!
നിൻ പൊൻപദാബ്ജമേകമിവനാഭ

ദോഹം. { നിഖിലഭാഗ്യഭണ്ഡാരമെ! മുനിവരകുലപതിയെ!
ദിവിരാജൻ സന്നിധം നിൻകരേ മേവിനാൻ

ദൈവം തൻ നന്മകളെ സാമോദം തേ നൽകി. (മേരീ)

ഹർജിക്കാരൻ മജിസ്ട്രേട്ടിനോടു: "ആ മനുഷ്യൻ എന്നെ കൊല്ലുമെന്നു പറഞ്ഞിരിക്കുന്നു."

മജിസ്ട്രേട്ട്: "അതുകൊണ്ടു് തന്റെ ജീവനെക്കുറിച്ചു താൻ ഭയപ്പെട്ടിരിക്കയാണൊ?"

ഹർജിക്കാരൻ: "അല്ല, യജമാനനെ, എന്റെ മരണത്തെക്കുറിച്ചു ഞാൻ ഭയപ്പെട്ടിരിക്കയാണു്."

ഒരു മാതൃകാവൈദികൻ.

ഒരു സ്നേഹിതൻ എഴുതുന്നത്.

എറണാകുളം അതിരൂപതവക ചെറിയ സെമിനാരിയിൽ റെക്ടർ സ്ഥാനം 20 കൊല്ലത്തോളം സ്തുത്യർഹമായി വഹിച്ചുപോന്ന തെക്കുംതല ബ. കുഞ്ഞുവുസേപ്പച്ചൻ ഈ ഫെബ്രുവരി നാലാംനു വ്യാഴാഴ്ച വെളുപ്പിനു രണ്ടേകാൽമണിക്കു കുത്താവിൽ നിദ്രപ്രാപിച്ച ദൈവത്തിനു വായനക്കാർ ഇതിനകം അറിഞ്ഞിരിക്കണം. അദ്ദേഹം 'ചന്ദ്രിക'യുടെ ഒരു ഉറ ബന്ധുവായിരുന്നല്ലൊ. അതിലുമധികം, അദ്ദേഹം എല്ലാവിധത്തിലും ദൈവത്തിനു ഇഷ്ടപ്പെട്ട ഒരു ജീവിതം നയിച്ചിരുന്നു. ഇക്കാരണങ്ങളാൽ ആ വൈദികനെക്കുറിച്ചു ചില വിവരങ്ങൾ മേൽക്കുന്നതു ചന്ദ്രികയ്ക്കു അദ്ദേഹത്തിന്റെ നേരെയുള്ള നന്ദിയെ ഏതാണ്ടു പ്രകാശിപ്പിക്കുന്നതിനും വായനക്കാർക്കു അദ്ദേഹത്തിന്റെ അനുകരണീയമായ ജീവിതരീതി അറിയുന്നതിനും ഉപകരിക്കുമെന്നു വിശ്വസിക്കട്ടെ.

സ്വദേശം.

എറണാകുളം അതിരൂപതയുടെ വടക്കെ അതിർത്തിയിൽ മാലക്കടി ആറിനെ തൊട്ടുകിടക്കുന്ന കൊരട്ടി എന്ന ഒരു ഫൊറോനയുണ്ട്. അതിരൂപതയിലെ പള്ളികളിൽ ജനസംഖ്യയിൽ ഒന്നാമതേതും ധനസ്ഥിതികൊണ്ടു ഒന്നാംതരത്തിൽ പെട്ടതുമായ ഒന്നാണ് കൊരട്ടിപ്പള്ളി. ആണ്ടുതോറും ഒക്ടോബർ മാസത്തിലെ രണ്ടാം ഞായറാഴ്ച ഘോഷിക്കാറുള്ള ദേവമാതാവിന്റെ—കൊരട്ടിമുത്തിയുടെ—പെരുന്നാൾ ദിവസത്തിൽ ആ പള്ളിയിൽ നേർച്ചകഴിപ്പാൻ വരുന്ന ആളുകൾക്കു കയ്യും കണക്കുമില്ല. കാലത്തു ഏകദേശം ഒമ്പതുമണിമുതൽ ഉച്ചതിരിഞ്ഞു നാലുമണിവരെ വന്നുകൂടുന്ന നാനാജാതിമതസ്ഥരിൽനിന്നു സാധാരണ ഒരേ തുകയോളം നേർച്ചപ്പിരിവുണ്ടെന്നുപറഞ്ഞാൽ പെരുന്നാളിൽ സംബന്ധിപ്പാൻ വരുന്ന ജനക്കൂട്ടം ഏതു വലുതെന്നു ഏകദേശം ഊഹിക്കാമല്ലൊ. ഇങ്ങിനെ കേരളമൊട്ടുക്കു പേരുകേട്ട കൊരട്ടി ഫൊറോനയിൽ, 'തെക്കുംതല'യെന്നും, സാധാരണ 'പള്ളത്തുകാട്ടിൽ' എന്നും പറഞ്ഞുവരുന്ന ഒരു നല്ല കത്തോലിക്കകുടുംബത്തിൽ, ഈവർഷം ഫിബ്രുവരി 20-നു ബ. കുഞ്ഞുവുസേപ്പച്ചൻ ജനിച്ചു. തെക്കുംതല ബ. വലിയ യൗസേപ്പച്ചൻ അദ്ദേഹത്തിന്റെ പിതൃവ്യനും (ഇളയച്ചൻ) ബ. കൊച്ചുവുസേപ്പച്ചൻ വേറൊരു പിതൃവ്യന്റെ പുത്രനുമാണ്.

ഇതു നഷ്ടപ്പെട്ടുവാൻ നമ്മെ സഹായിക്കുന്ന പാത്രമാകുന്നു.

ഇംഗ്ലീഷ് പഠനം.

പ്രാരംഭവിദ്യാഭ്യാസം പതിവുപോലെ സ്വദേശത്തുതന്നെ കഴിച്ചുകൂട്ടി. അതിനുശേഷം ഇംഗ്ലീഷ് പഠനത്തിനായി കോയമ്പത്തൂർ കത്തോലിക്കാ മിഷ്യൻ സ്കൂളിലേക്ക് അയയ്ക്കപ്പെട്ടു. ഏകദേശം വിഷമം നേരിടുന്ന ചുറുപാടുകളിലും ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്വഴങ്ങി സംതൃപ്തിയോടുകൂടി ജീവിക്കുന്ന സ്വഭാവവിശേഷത്തിന്റെ അടയാളങ്ങൾ കുഞ്ഞുവുസേപ്പച്ചനിൽ അക്കാലത്തുതന്നെ കാണാമായിരുന്നു. വിദേശങ്ങളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുന്ന സമ്പ്രദായം നമ്മുടെയിടയിൽ അന്നു ദുർലഭമായിരുന്നല്ലൊ. പോരെങ്കിൽ ഇന്നാട്ടിൽ തീവണ്ടി നടപ്പായിട്ടില്ലാഞ്ഞതിനാൽ അന്നു യാത്രയുടെ അസൌകര്യങ്ങളും ചിലവും വർദ്ധിച്ചിരുന്നു. തീവണ്ടി ഈ നാട്ടിൽ നടപ്പായതിന്റെ ശേഷമേ വീട്ടിലേക്കു മടങ്ങിവരാവൂ എന്നും, അതുവരെ ആ നാട്ടിൽതന്നെ താമസിച്ചു പഠിച്ചുകൊള്ളണമെന്നുമായിരുന്നു കാരണവരുടെ കല്പന. കോയമ്പത്തൂർ ഒരു തമിഴ് രാജ്യം. അവിടത്തെ ഭാഷ, ആചാരം, ഭക്ഷണരീതി, മുതലായവ നമ്മുടെതിൽ നിന്നു ഏതൊരു വ്യത്യാസപ്പെട്ടത്. സ്വദേശികളൊ സ്വജനങ്ങളോ ആരും അവിടെയില്ല. ഈ നിലയിൽ അവിടെ അനേകവർഷം തുടരെ താമസിച്ചു പഠിക്കുക എന്നുള്ളതു നമ്മുടെ കുട്ടികൾക്കു ഏതുതോളം ബുദ്ധിമുട്ടുള്ളതായിരുന്നുവെന്നു പ്രത്യേകം പറയണമെന്നില്ലല്ലൊ. എങ്കിലും കുഞ്ഞുവുസേപ്പച്ചൻ യാതൊരാവലാധിയും പറയാതെ കാരണവരുടെ കല്പനയനുസരിച്ചു അവിടെ വളരെനാൾ താമസിച്ചു പഠിച്ചു. വേഷത്തിൽ പോലും ഒരു തമിഴനായിട്ടാണ് അവിടെ കഴിച്ചുകൂട്ടിയിരുന്നത്. പഠിനം കഴിഞ്ഞു നാട്ടിലേയ്ക്കു മടങ്ങുന്നവഴി തൃശ്ശൂർ സെൻറു തോമസ് കോളേജ് ബോർഡിങ്ങിൽ ചെല്ലുകയുണ്ടായി. പിന്നിൽ കൂടുമിവളത്തി മലയാളം ഒരക്ഷരംപോലും സംസാരിപ്പാൻ അറിഞ്ഞുകൂടാത്ത കറുത്ത ഒരു ബാലനെ കണ്ടപ്പോൾ ബോർഡിങ്ങു കുട്ടികൾക്കു ബഹു കൌതുകം തോന്നി. അവിടെ ഏതാനും ദിവസം താമസിച്ചു വേഷം മാറുകയും ഭാഷ വീണ്ടും പഠിച്ചായപ്പെടുകയും ചെയ്തശേഷമാണ് വീട്ടിലേക്കു മടങ്ങിയതു്. അനന്തരം ബാങ്കളൂർ കത്തോലിക്കാ മിഷ്യൻ സ്കൂളിലും ഒടുവിൽ ഏറണാകുളത്തു സെൻറു ആൽബർട്ട് ഹൈസ്കൂളിലും പഠിച്ചു. അങ്ങിനെയിരിക്കുമ്പോളാണ് കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ നി. വ. ദി. ശ്രീ. മാർ ലൂയിസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് നമ്മുടെ ബാലന്റെ ബുദ്ധിശക്തിയും സ്വഭാവ

ഗ്രണവും കണ്ടു തൃപ്തിപ്പെട്ട് അവനെ വൈദികവിദ്യാഭ്യാസത്തിനായി കാണ്ടിസെമനാരിയിലേക്കയച്ചു.

സെമ്മനാരി വിദ്യാഭ്യാസം.

കാണ്ടിയിൽ അദ്ദേഹം എട്ടുകൊല്ലത്തോളം താമസിച്ചു. അക്കാലത്തിനിടയിൽ പഠിനകാര്യത്തിലും സ്വഭാവശുദ്ധീകരണത്തിലും പ്രദർശിപ്പിച്ചുവന്ന ബുദ്ധിയും ഉത്സാഹവും നിമിത്തം ബ്രദർ ജോസഫ് മേലധികാരികളുടേയും സഹപാഠികളുടേയും സവിശേഷമായ സ്നേഹബഹുമാനങ്ങൾക്ക് പാത്രീഭൂതനായി കൽക്കത്തായിൽനിന്നും പ്രസിദ്ധീകരിച്ചുപോന്ന 'ക്യാത്തലിക്ക് ഹെറാൾഡ്' പത്രത്തിന്റെ അധിപരായിരുന്ന് പ്രസിദ്ധിനേടിയ റവ: ഫാദർ എ. ജിൽ അവർകൾ അന്ന് ആ സെമിനാരിയിൽ അലങ്കാരശാസ്ത്ര (Rhetoric) പണ്ഡിതനായിരുന്നു. അദ്ദേഹം പഠിപ്പിച്ചിരുന്ന ക്ലാസിലാണ് ബ്രദർ ജോസഫ് ആദ്യം ചേർന്നത്. ദൈവകാര്യത്തിലും സൂക്ഷ്മതാഭ്യാസത്തിലും ആ നാളുകളിൽതന്നെ പ്രത്യക്ഷപ്പെട്ടതിക്കൊണ്ടിരുന്ന ശുഷ്കാന്തിമൂലം ബ്രദർ ജോസഫിനെ "എന്റെ പുണ്യവാൻ" (My saint) എന്നു ഫാദർ ജിൽ കളിപ്പേർ വിളിച്ചിരുന്നു. നാലഞ്ചുകൊല്ലംമുമ്പ് ഫാദർ ജിൽ കേരളം സന്ദർശിക്കയുണ്ടായല്ലൊ. അദ്ദേഹം ഏറണാകുളം മെത്രാപ്പോലീത്താച്ചന്റെ അരമനയിൽ വന്നപ്പോൾ ബ: കുഞ്ഞൗസേപ്പച്ചൻ അവിടെ ഉണ്ടായിരുന്നു. അദ്ദേഹം ഒരുമിച്ചാണ് ഫാദർ ജിൽ പട്ടണവും പരിസരപ്രദേശവും പുത്തൻപള്ളി സെമനാരിയും സന്ദർശിച്ചത്. തന്റെ "പുണ്യവാനെ"ക്കുറിച്ച് തനിക്ക് മൻപ് ഉണ്ടായിരുന്ന ബഹുമാനം പതിൻമടങ്ങു വർദ്ധിച്ചിട്ടുണ്ടെന്ന് ഫാദർ ജിൽ ആ അവസരത്തിൽ തന്റെ പെരുമാറ്റംകൊണ്ടും, സംസാരംകൊണ്ടും പ്രത്യക്ഷപ്പെടുത്താതിരുന്നീല്ല.

കാണ്ടി സെമനാരിയിൽ ശെമ്മാശന്മാരെ സംബന്ധിക്കുന്ന കാര്യങ്ങൾ അന്വേഷിക്കുന്നതിൽ അവരിൽതന്നെ പ്രാപ്തിയും ഉത്തരവാദിത്വബോധവുമുള്ള ചിലരെ അധികാരികൾ മുമതലപ്പെടുത്താറുണ്ട്. ആ കൂട്ടത്തിൽ ബ: ജോസഫ് ശെമ്മാശനെ ചില ജോലികൾ ഏല്പിച്ചിരുന്നു. ശെമ്മാശന്മാരുടെ ഭക്ഷണത്തിനാവശ്യമായ സാധനങ്ങളെ ശേഖരിച്ച് സൂക്ഷിക്കയും അവയെ വേണ്ടവിധം വേലക്കാരെ ഏല്പിക്കയും ചെയ്യാൻ മുമതലപ്പെട്ട കലവറ വിചാരിപ്പുകാരന്റെ (Store - master) യും, ശെമ്മാശന്മാരുടെ പഠിനവും നടപടിയും സംബന്ധിച്ചുള്ള സകല കാര്യങ്ങളേയും

ദൈവോപ്പ്രസാദം സ്വഭാവത്തിനു മേലുള്ള ദാനമാകുന്നു.

അധികാരികളുടെ കീഴിൽനിന്നു് അനേപഷിക്കാൻ മുമതലപ്പെട്ട ബീഡിൽ (Beadle) നേറയും ജോലി ബഃ ജോസഫ് ശെമ്മാശൻ വഹിച്ചിട്ടുണ്ടു്.

മംഗലാപുരത്തെ കത്തോലിക്കയുവാക്കന്മാർ അലോയിഷ്യൻ ശതാബ്ദപൂർത്തി സംബന്ധിച്ചു കൂടിയ ഒരു യോഗത്തിൽ താഴെ കാണുന്നവിധം നിശ്ചയങ്ങൾ ചെയ്തിരിക്കുന്നു:—

I. നമ്മുടെ പരിശുദ്ധപിതാവു വി. ലൂയീസ് ഗൊൺസാഗായെ ക്രിസ്തീയയുവജനങ്ങളുടെ സ്വർഗ്ഗീയ പരിപാലകനായി നിശ്ചയിച്ചുറപ്പിച്ചിരിക്കകൊണ്ടും, ആ വിശുദ്ധനു് 'മാലാഖാ' എന്നു പേർ ലഭിക്കത്തക്കവണ്ണം വിരക്തി എന്ന പുണ്യം അദ്ദേഹത്തിൽ അത്യധികം പ്രകാശിച്ചിരുന്നതിനാലും, മംഗലപുരത്തെ യുവാക്കന്മാരായ ഞങ്ങൾ, യോഗമായി കൂടി, സംസാരത്തിലും പ്രവൃത്തിയിലും നിർമ്മലത ആചരിച്ചു് വിരക്തി എന്ന പുണ്യത്തിനു മാതൃകകളായി ജീവിച്ചുകൊള്ളാമെന്നു തീർച്ചയാക്കിയിരിക്കുന്നു; വിശിഷ്യ, താഴെ കാണുംവിധം നടന്നുകൊള്ളാമെന്നു വാഗ്ദത്തവും ചെയ്യുന്നു.

(1) ഞങ്ങളുടെ ബോധത്തേയും ഹൃദയത്തേയും അല്പംപോലും അശുദ്ധമാക്കാൻ ഇടയുള്ള യാതൊരു പ്രസിദ്ധീകരണങ്ങളും ഞങ്ങൾ വായിക്കുകയൊ, നാടകം ബയസ്കോപ്പു മുതലായ കളികൾ കാണുകയൊ ചെയ്യുന്നതല്ല.

(2) ഞങ്ങളുടെ സംഭാഷണങ്ങളിൽ സഭ്യമല്ലാത്ത യാതൊരു വാക്കും ഞങ്ങൾ ഉപയോഗിക്കയില്ല; കൂടാതെ, മറ്റാളുകൾ അപ്രകാരമുള്ള വാക്കുകൾ ഉപയോഗിക്കുന്നതായാൽ ഞങ്ങൾ യഥാശക്തി അവരെ തടയുകയും ചെയ്യാം.

(3) ഒരു യഥാർത്ഥ കത്തോലിക്ക യുവാവിന്റെ ലക്ഷണമായി സകലരും ഗണിച്ചുപോരുന്ന അടക്കവും ഒതുക്കവും പെൺകുട്ടികളോടുള്ള പെരുമാറ്റത്തിൽ ഞങ്ങൾ ആചരിച്ചുകൊള്ളാം.

കാണ്ടിസെമനാരിയിൽ ചില ഭക്തസഖ്യങ്ങൾ ഏർപ്പെട്ടുത്തീട്ടുണ്ടു്. അതിൽ ഒന്നാണു് "മാതാവിന്റെ സൊഡാലിറ്റി." ആ സംഘത്തിൽ ചേരുന്നതിനു് സെമ്മനാരിചട്ടം ആരേയും നിർബ്ബന്ധിക്കുന്നില്ല. എന്നാൽ സെമ്മനാരി വിദ്യാർത്ഥി ആയതുകൊണ്ടുമാത്രം ആരേയും അതിൽ ചേർക്കുന്നതു ചർച്ചചെയ്യുന്നതിനു ഒരു സൂചിക്കും അർഹതയില്ല.

തുമല്ല. സെമ്മനാരി നിയമങ്ങൾ എല്ലാം കൃത്യമായി ആചരിക്കുന്നതിനും ദേവമാതാവിനെറനേരെ പ്രത്യേക ഭക്തി അഭ്യസിക്കുന്നതിനും ഒരു വിശേഷ മാർഗ്ഗമായിട്ടാണ് പ്രസ്തുത സഖ്യം ഏർപ്പെടുത്തിയിരിക്കുന്നതു്. അതിനാൽ ആ ഉദ്ദേശങ്ങൾ സാധിക്കണമെന്നു പ്രത്യേക നിഷ്ഠയുള്ളവരാണ് അതിൽ ചേരുക. ഒരാൾ അതിലെ അംഗമായി ചേരണമെന്നു സംഘാദ്ധ്യക്ഷനോടു അപേക്ഷിച്ചാൽ അയാളെ യോഗാർത്ഥിയായി (Postulant) സ്വീകരിക്കും. അന്നുമുതൽ കുറഞ്ഞതു ന്യ മാസത്തേക്കു് അയാളുടെ നടവടികളെ അദ്ധ്യക്ഷനും മറുള്ള സ്ഥാനവാഹികളും സൂക്ഷിച്ചുകൊണ്ടിരിക്കും. നടപടികൾ തൃപ്തികരങ്ങളാണെന്നു് അവർക്കു ബോദ്ധ്യംവന്നാൽ ഉടൻ അയാളെ ക്രമപ്രകാരം ചില പ്രതിജ്ഞകൾ ചെയ്യിച്ചു് അംഗമായി സംഘത്തിൽ ചേർക്കുന്നതാണ്. ഇങ്ങനെ ചേരുന്ന അംഗങ്ങൾ വാഷ്കികയോഗംകൂടി, അവരിൽ ഏറ്റവുംകൊണ്ടും കൂടുതൽ യോഗ്യതയുള്ളവരെ ഭൂരിപക്ഷം വോട്ടനുസരിച്ചു് സംഘാദ്ധ്യക്ഷനായും അദ്ദേഹത്തിനെറ ആലോചനക്കാരായും തിരിഞ്ഞെടുക്കുകയാണ് പതിവ്. ബ: ജോസഫ് ശമ്മാശൻ ആദ്യംമുതൽ അവസാനംവരെ സൊഡാലിററി അംഗമായിരിക്കയും അതിനിടയിൽ ആലോചനക്കാരനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു.

ശമ്മാശന്മാരുടെ വ്യായാമത്തിനുവേണ്ടി പ്രസ്തുത സെമിനാരിയിൽ അക്കാലത്തു ക്രിക്കറ്റ്, ഹോക്കെ മുതലായ പന്തുകളികൾ ഏർപ്പെടുത്തിയിരുന്നു. പച്ചക്കറിസാധനങ്ങളും മറു മൊടികളും പുഷ്പങ്ങളും വച്ചുപിടിപ്പിച്ചു് തോട്ടങ്ങൾ ഉണ്ടാക്കാൻ താല്പര്യമുള്ളവർക്ക് അതിനും ഏർപ്പാടുകൾ ചെയ്തുകൊടുത്തിരുന്നു. ബ. കുഞ്ഞൊസേപ്പച്ചനെറ ഒത്തുകൂടവും അടക്കവുമുള്ള സ്വഭാവം ആ വ്യായാമം തിരിഞ്ഞെടുക്കുന്നതിലും വെളിപ്പെടാതിരുന്നില്ല. ഓട്ടവും ചാട്ടവും തക്കവും അട്ടഹാസവും കൊണ്ടു ബഹളമയമായ കളികളെയല്ല; ശാന്തമായും ഏറ്റവും ഉന്മേഷത്തോടും ചെയ്യാവുന്ന തോട്ടവേലയാണ് അദ്ദേഹം വ്യായാമത്തിനായി സ്വീകരിച്ചിരുന്നതു്. പൂത്തോട്ടത്തിലുള്ള പ്രതിപത്തിയും ചെടികൾ വച്ചു പിടിപ്പിക്കയും അവയെ പരിപാലിക്കയും ചെയ്യുന്നതിനുള്ള വാസനയും അദ്ദേഹത്തിനെറ വിദ്യാർത്ഥി ജീവിതത്തോടെ അവസാനിച്ചില്ല. വൈദിക ജീവിതത്തിൽ അതു വർദ്ധിച്ചുവന്നതേയുള്ളൂ. എറണാകുളം അതിരൂപതാസനാരമനയിലെ മതിൽക്കെട്ടിനുള്ളിൽ ഇപ്പോൾ പരിലസിക്കുന്ന മനോഹരമായ പൂത്തോട്ടങ്ങൾ അതിനു ഉത്തമ ലക്ഷ്യങ്ങളാണ്.

ദൈവോപ്പുപ്രസാദത്തോളം വിലയുള്ളതായി മറെറാന്നുമില്ല.

കാണ്ടി സെമിനാരിയിലും ഡിസംബർ മാസത്തിലാണ ശമ്മാശന്മാക്ക കൊല്ലം തോറും പട്ടം കൊടുക്കാറു പതിവു. ബ. ജോസഫ് ശമ്മാശനും സഹപാഠികളും ആറാം പട്ടക്കാരായിരുന്ന കാലത്തു പ്രസ്തുത പതിവിനു ഒരു വ്യത്യാസം വരുത്തേണ്ടിവന്നു. ലോകമഹായുദ്ധത്തിന്റെ ഫലമായുണ്ടായ ക്ഷാമത്താൽ യൂറോപ്പിൽനിന്നു കാണ്ടി സെമിനാരിക്കു നിയമേന കിട്ടിക്കൊണ്ടിരുന്ന ധനസഹായം അന്നു കിട്ടാതായി. സെമിനാരി പൂട്ടി ശമ്മാശന്മാരെയെല്ലാം തല്ക്കാലം പിരിച്ചു വിടേണ്ടിവരുമെന്നു ഭയപ്പെടത്തക്കവണ്ണം അവിടത്തെ ധനസ്ഥിതി ഒരു മഹാ ഗുരുതരഘട്ടത്തിലെത്തി. അതിനാൽ ഒന്നു രണ്ടു പേർ ഉണ്ടായിരുന്ന ആറാം പട്ടക്കാരെ നേരത്തെ കുർബാനപ്പട്ടം കൊടുത്തു പിരിച്ചുവിടാമെന്നു അധികാരികൾ നിശ്ചയിച്ചു. അതനുസരിച്ചു ഫൗണ്ടേഷൻ ഡൻ-മനു- ബ. ജോസഫ് ശമ്മാശൻ സഹപാഠികളോടുകൂടി കുർബാനപ്പട്ടം സ്വീകരിച്ചു സ്വദേശത്തേക്കു മടങ്ങി.

(തുടരും.)

കൃതജ്ഞതാപ്രകാശനം.

ഒരു കൊച്ചുത്രേസ്യാപുണ്യവതിയുടെ മദ്ധ്യസ്ഥത്താൽ കാണാതെപോയ ഒരു പശുവിനെ കണ്ടുകിട്ടിയിരിക്കുന്നു. ഉപകാരസ്മരണയായി ഫ്രാങ്ക. അയക്കുന്നു.

മേരിജോൺ പാലാത്തുരുത്തി—എറണാകുളം.

കാണാതെപോയ ഒരു പശുക്കുട്ടിയെ കൊച്ചുത്രേസ്യാപുണ്യവാളത്തിയുടെ സഹായത്താൽ കണ്ടുകിട്ടിയിന്നു ഫ്രാങ്ക. അയയ്ക്കുന്നു.

മറിയം പൌലൊ എിലഞ്ഞിക്കൽ—കോതമങ്ങലം.

കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ എങ്ങൽ സുഖപ്പെട്ടതിനു നന്ദിയായി ഫ്രാങ്ക. അയക്കുന്നു.

കളത്തിൽ മാത്തൻ ജോസഫ്—പുളിങ്കുന്നു.

പുണ്യവാനായ യെഔസേപ്പ്.

(അതിമംഗലകാരൻ ഔസേപ്പ് എ. മ.)

1. പുണ്യവാനായ യെഔസേപ്പിന്ന് - എണ്ണമില്ലാഗുണങ്ങൾ-ദിവ്യ
ഉണ്ണിയെ കൈകളിൽ വച്ചുകൊണ്ടീടുക - ഗണ്യമാം പുണ്യമല്ലേ.

2. വൃദ്ധനായ ശിമയോനീവരം - സിദ്ധമായക്ഷണത്തിൽ-അയാൾ
ബുദ്ധിമാദ്ധർമ്മമെന്നായേറവും - ബുദ്ധിമയങ്ങിയല്ലോ

3. തെല്ലുനേരമുള്ളു, എത്രയൊ - കൊല്ലങ്ങളോളമങ്ങു-സർവ്വ
വല്ലഭനെ നിജകൈകളിൽവച്ചതു - ചില്ലറഭാഗ്യമാണോ?

4. അപ്പനെന്നുവിളിച്ചാനങ്ങയെ - എപ്പോഴും രക്ഷകൻതാൻ-നിന-
ക്കിപ്പദം കിട്ടിയല്ലൊ പിതാവെ യിതി - ലപ്പുറമെന്തുവേണ്ടു?

5. വേലചെയ്തുലഭിച്ച അല്പമാം - കൂലികൊണ്ടല്ലയോ നീ-ദിവ്യ
ബാലനേയും മറിയത്തിനേയും പരി - പാലനം ചെയ്തുപോന്നു.

6. ശത്രുക്കളെയേന്ന ദിവ്യനാം - പുത്രനെ രക്ഷിക്കുവാൻ-നിന-
ക്കെത്രയോസങ്കടം സംഭവിച്ചോ അവ - യത്രയും നീ സഹിച്ചു.

7. ഇത്തരം ഭാഗ്യമേറുമർത്ഥതി - ലുത്തമനായതാത! മമ
ചിത്തമെല്ലാംതെളിഞ്ഞുത്തമനാകുവാൻ - സതതം കാത്തിടേണമെ.

ഒരാൾ തന്റെ കണ്ണു പരിശോധിച്ചു കണ്ണട വാങ്ങാൻ വൈദ്യന്റെ അടുക്കൽ ചെന്നു. വൈദ്യൻ അക്ഷരങ്ങൾ എഴുതിയിട്ടുള്ള പാസ്സു രൂപ അടി അകലെ പിടിച്ചിട്ടു "ഇതു വായിക്കാമൊ" എന്നു ചോദിച്ചു. "ഇല്ല" എന്നു അയാൾ മറുപടി പറഞ്ഞു. വൈദ്യൻ കുറെ കൂടി അടുത്തു നിന്നിട്ട്: "ഇപ്പോൾ വായിക്കാമോ." മറുവായാൾ "ഇല്ലാ വായിക്കാൻ മേല." വൈദ്യൻ പിന്നെയും പിന്നെയും അടുത്തടുത്തുനിന്നു വായിക്കാമോ എന്നു ചോദിച്ചു. എന്നിട്ടും വായിക്കാൻ മേല എന്നായിരുന്നു മറുപടി. ഒടുവിൽ വൈദ്യൻ പാസ്സു ആ മനുഷ്യന്റെ മൂക്കിനുതാഴെ പിടിച്ചിട്ടു "ആട്ടെ, ഇനി യെങ്കിലും വായിക്കാമൊ" എന്നു ചോദിച്ചു. "ഇല്ല. വായിക്കാൻ ഞാൻ പഠിച്ചിട്ടില്ല" എന്നായിരുന്നു മറുപടി.

ഒരു പവൻ സമ്മാനം.

(കഴിഞ്ഞ ഒക്ടോബർമാസത്തിലെ 'ചന്ദ്രിക'യിൽ പ്രസിദ്ധീകരിച്ചിരുന്ന പരസ്യമാണു താഴെ ചേർക്കുന്നതു്:)

കഥയെഴുത്തുകാർക്കു നല്ല അവസരം.

"കഥാചന്ദ്രിക"യുടെ ആഭിമുഖ്യത്തിൽ ഒരു കഥയെഴുത്തുമത്സരം ഏർപ്പെടുത്തുന്നതിനും ആ വഴിക്കു കഥയെഴുത്തുകാരെ ആണ്ടുതോറും സമ്മാനദാനങ്ങളാൽ പ്രോത്സാഹിപ്പിക്കുന്നതിനും ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ഈ കഥയെഴുത്തുമത്സരത്തിൽ ഏർപ്പെടുന്നവർ ശ്രദ്ധിക്കേണ്ടസംഗതികൾ താഴെ പറയുന്നവയാണു്.

ക. കഥയുടെ വിഷയം, ഒരു കുടുംബത്തിൽ മുതിർന്നവർക്കും കുട്ടികൾക്കും ഒന്നിച്ചിരുന്നു വായിക്കാൻ തക്കവിധം സന്മാർഗ്ഗപരമായിരിക്കണം.

ഖ. ഭാഷ കഴിയുന്നതും ലളിതമായിരിക്കണം.

ഗ. 'ചന്ദ്രിക'യുടെ നാലുപേജിൽ കുറയുകയോ എട്ടുപേജിൽ കവിയുകയോ ചെയ്യാത്തതായിരിക്കണം. ഓരോ കഥയും; ദീർഘകഥകളാണെങ്കിൽ ഓരോതവണയും ആറുപേജിൽ കവിയാതെ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തുന്നതിനു തക്കവണ്ണം രസഭംഗം വരാതെ മുറിച്ചെഴുതപ്പെടുന്നവയും ആകെ മൂന്നു നാലു ലക്കങ്ങൾകൊണ്ടെങ്കിലും പ്രസിദ്ധപ്പെടുത്തിത്തീർക്കാവുന്നവയുമായിരിക്കണം.

ഇങ്ങിനെ അയച്ചുകിട്ടുന്ന കഥകളിൽ പത്രാധിപർ പ്രസിദ്ധീകരണയോഗ്യങ്ങളായി തോന്നുന്നവയെ മറയ്ക്കു് 'ചന്ദ്രിക'യിൽ പ്രസിദ്ധപ്പെടുത്തുന്നതും, ചന്ദ്രികയുടെ ഓരോ പുസ്തകവും (വാള്യവും) അവസാനിക്കുമ്പോൾ അതുവരെ പ്രസിദ്ധപ്പെടുത്തീട്ടുള്ള മത്സരകഥകൾ പരിശോധകക്കമ്മറ്റിയെ ഏല്പിക്കുന്നതും, അവരുടെ പരിശോധനയിൽ പ്രഥമസ്ഥാനത്തിനു് അർഹമെന്നു വിധിക്കപ്പെടുന്ന കഥയുടെ കർത്താവിനു് ഒരു പവനും രണ്ടാംസ്ഥാനത്തിനു് അർഹമാകുന്ന കഥയുടെ കർത്താവിനു് ഹം (പത്തു്) ഉറുപ്പികയും "കഥാചന്ദ്രിക" വകയായി സമ്മാനം നൽകുന്നതുമാണു്.

പിശാചിനെ സേവിക്കുന്നവൻ ഇഹപരഭ്രംശപ്പെടും

താഴെ പേർ പറയപ്പെട്ടന്ന സാഹിത്യനായകന്മാർ പരിശോധകക്ക മാറിയിരിക്കുന്ന അംഗങ്ങളായിരിക്കുമെന്ന സദയം സമ്മതിച്ചിട്ടുണ്ട്.

1. സി. അന്തപ്പായി അവർകൾ, ബി. എ.
2. സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ അവർകൾ, ബി. എ., എം. ആർ. എ. എസ്സ്. എഫ്. ആർ. എച്ച്. എസ്സ്.
3. പ്രൊഫ്സർ പി. ശങ്കരൻ നമ്പ്യാർ അവർകൾ, എം. എ. (ഓണേഷ്സ്)
4. പ്രൊഫ്സർ കെ. ജെ. അഗസ്റ്റിൻ അവർകൾ, എം. എ. എൽ. റ്റി
5. വിദ്വാൻ പീടമരത്ത് സെബാസ്റ്റ്യൻ അവർകൾ.

ചന്ദ്രികയുടെ രണ്ടാം വാള്യത്തിലെ ആറാം ലക്കം ഇതോടുകൂടി കഴിഞ്ഞിരിക്കയാണല്ലൊ. ഇനി അടുത്ത സെപ്റ്റമ്പർമാസം വരെ ഈ വാള്യത്തിൽ ആകെ ആറുലക്കങ്ങളാണുണ്ടാവുക. അടുത്ത വാർഷികസമ്മാനം ഉന്നംവെച്ചു കഥയെഴുത്തുമത്സരത്തിൽ ഏർപ്പെടുവാൻ ഉദ്ദേശിക്കുന്നവർ ഉടനെ കഥകൾ അയച്ചുതുടങ്ങണം. ഈ ഇനത്തിൽ അയക്കപ്പെട്ടന്ന കഥകൾ തിരിച്ചറിയാൻവേണ്ടി ഓരോകഥയുടേയും മുകളിൽ 'മത്സരക്കഥ' എന്നു കുറിക്കാൻ അപേക്ഷ.

എന്ന്,

മാനേജിങ്ങ് എഡിറ്റർ,

സ്പെയിൻരാജ്യത്തുള്ള ഒരു കൂലിവേലക്കാരൻ ക്രിസ്തുമതവിരുദ്ധമായ പത്രങ്ങൾ വരുത്തിയിരുന്ന പല ആളുകളെ ഉപദേശിച്ചു അതിൽനിന്നു വിരമിപ്പിച്ചു; കത്തോലിക്കപ്രതിദിനപത്രങ്ങൾക്കു പുതിയവരിക്കാരെ ചേർത്തുകൊടുത്തു. ആ പത്രങ്ങളുടെ പ്രസാധകൻ പ്രതികൾ പലക്കായി വിതരണം ചെയ്തതും അവരും അവരുടെ സ്നേഹിതന്മാരും അതുകൾ വരുത്തി വായിക്കേണമെന്നു ഉപദേശിക്കയും ചെയ്തു. ഇതിനു കത്തോലിക്കമാസികകളും നിരവധി പുസ്തകങ്ങളും ഛായാലഘുലേഖകളും നേരിട്ടുതന്നെ വിതരണം ചെയ്തു. അനുകരണീയമായ നടപടിതന്നെ!!



എറണാകുളം അതിരൂപതയുടെ മഹാ വന്ദ്യ ദിവ്യ ശ്രീ കണ്ടത്തിൽ മാർ ആഗ്നസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതും വരാപ്പുഴ അതിരൂപതയിലും ഇൻഡ്യയിൽ പലെ രൂപതകളിലും ഉപയോഗിച്ചുവരുന്നതുമായ "മെറും" കമ്പോനീഞ്ഞു് താഴെ കാണുന്ന മേൽവിചാസത്തിൽ എപ്പോൾ ആവശ്യപ്പെട്ടാലും തയാറുണ്ടു്.

എറണാകുളത്തു നിന്നു തിരുവിതാംകൂർ അതിർത്തിയിലുള്ള പള്ളികളിലേക്കോ തിരുവിതാംകൂർ അതിർത്തി കടത്തി കൊച്ചി അതിർത്തിയിലുള്ള പള്ളികളിലേക്കൊ വീഞ്ഞു് കൊണ്ടുപോകുന്നതിനു വേണ്ടിവരുന്ന രേഖാദികൾ ആവശ്യക്കാരുടെ ചിലവിന്മേൽ ഞങ്ങൾ നേരിട്ടു അപേക്ഷിച്ചു വരുത്തിക്കൊടുക്കുന്നതാണു്.

വിലവിവരപ്പട്ടിക ഫ്രീ. ഫ്രീ ആയി മാത്രം

ഫ്രൗൺ-മുതൽ ഇതുവരെ ക്രമമായ വിധത്തിലും മിതമായ വിലയ്ക്കും പള്ളികളിലേക്കു് വീഞ്ഞു കൊടുത്തുവരുന്ന ഞങ്ങളെ യഥാശക്തി സഹായിപ്പാറാവണം.

മെസ്സേഴ്സ് വളവി ആൻഡ് കമ്പനി.

വൈൻ കച്ചവടം,—എറണാകുളം.

വരിക്കാർ അറിവാൻ.

ചന്ദ്രികയുടെ വരിക്കാരിൽ ചിലർക്കു ഞങ്ങൾ വി. പി. അയച്ചിട്ടു, അവർ ഇൻറിമേഷൻ ഒപ്പിട്ടു കൊടുത്തെങ്കിലും പണമയച്ചിട്ടില്ല. അങ്ങിനെ ചെയ്യുന്നതു് ഞങ്ങൾക്കു അനാവശ്യനഷ്ടത്തിനു ഇടവരുത്തുകയാണു്. വി. പി. ശരിയായി സ്വീകരിച്ചു ഞങ്ങളെ സഹായിപ്പാൻ പ്രത്യേക അപേക്ഷയുണ്ടു്. വരിസംഖ്യ മണിയോർഡ് വഴി അയച്ചുതരുന്നതു എപ്പോവിധത്തിലും സൌകര്യവും ഇരുകൂട്ടർക്കും ആദായകരവുമായിരിക്കും.

"കഥാവശ്യിക" യുടെ വരിസംഖ്യ.
(വൈദികാന്നമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതു്.)
ഒരാണ്ടത്തേയ്ക്കു് ക. ഥ — വ — ം ഒരുപ്രതിയ്ക്കു ക. ം — ഫ — ന്യ.
മാനേജിങ്ങ് എഡിറ്റർ, "കഥാവശ്യിക"
മെത്രാപ്പോലീത്തൻപള്ളി, എറണാകുളം.

പുതിയഡിപ്പോ. മിതമായവില.

കുമ്പാനക്കുപ്പായം, കാപ്പ മുതലായ തിരുവസ്ത്രങ്ങൾ, കൊന്ത, കാശുരൂപം, മെഴുതു വഴുമായ കടവാസുരൂപങ്ങളും കൊത്തുരൂപങ്ങളും. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പ്രാർത്ഥനപുസ്തകങ്ങളും, മറ്റു മതഗ്രന്ഥങ്ങളും, ഇവയെല്ലാം എറണാകുളം മെത്രാപ്പോലിത്താച്ചൻ തിരുമനസ്സിലെ അരമനയുടെ അടുത്തു തെക്കുവശത്തു ബ്രോഡ്വെയിലുള്ള കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്ന തിരുഹൃദയഡിപ്പോയിൽ മിതമായവിലയ്ക്കു വിൽപ്പെടുന്നു. വിലവിവരപ്പട്ടിക (Price List) ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതും അതിൽനിന്നു കൂടുതൽ വിവരങ്ങൾ അറിയാവുന്നതുമാണ്.

മാനേജർ തിരുഹൃദയഡിപ്പോ,—എറണാകുളം.



പലേ കീർത്തിമുദ്രകളും
വീരശൃംഖലകളും ലഭിച്ചിട്ടുള്ള
ജെ. അഗസ്റ്റിൻ ചന്ദ്രാലങ്കാർ സൺസ്
റെ. എസ്. പ്രസ്സ് റോഡ്, എറണാകുളം.

സകലവിധ അലങ്കാരപ്പണികൾ, ചിത്രവര, ഫോട്ടോ വലുതാക്കൽ, കൊത്തുരൂപങ്ങൾ (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കാൻ നിപുണന്മാർ. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ടതങ്കവേല, ജീവതുല്യമായ വലുതു കണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ട പുരാതന രീതിയിൽക്കാതെ പ്രോത്സാഹിപ്പിക്കേവിൻ മിതമായ നിരക്കു—മേൽത്തരം പണി.

Printed and published by Rev. Jacob Naduvathuchery, at the "Mar Louis Memorial" Press — Ernakulam.